Registered No. M-4485 Madras War Review, Malayalam—8-12-1944

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1944 ഡിസെമ്പർ 8-ാംനു, വെള്ളിയാഴ്ച [ലക്കം 14



## ഐകമത്യം മഹാബലം

**ബ്രിട്ടീഷുകാർ** നിർവ്വഹിച്ച ചില സംഭാരസംരംഭങ്ങളും സപ്ലൈ ഏർപ്പാടുകളും ഇക്കൊല്ലത്തിൽ യുദ്ധത്തിനു വമ്പിച്ച വ്യാത്യാസങ്ങളുണ്ടാക്കിയിട്ടുണ്ടു്.

**നമ്മളും** ബ്രിട്ടീഷുകാരും, ഓരോരുത്തരുടേയും വിഷമമേറിയ കുറവുകളെ പരിഹരിക്കുന്നതിന്നു പ്രാപ്തരായി; തന്മൂലം ശത്രുവിന്നെതിരായ ഇരുകൂട്ടരുടേയും കൂട്ടുശക്തി വളരെ അധികം അധികരിച്ചിരിക്കുന്നു.

—പ്രസിഡണ്ട് റൂസ്‌വെൽട്ട്, 1944 നവെമ്പർ യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ കോൺഗ്രസ്സിൽ ചെയ്ത ഒരു പ്രസ്താവന.

## വിഷയവിവരം


| | ഭാഗം |
|---|---|
| ഐകമത്യം മഹാബലം .. .. .. | 1 |
| 14-ാം പടക്കു അഭിനന്ദനങ്ങൾ .. .. | 2 |
| അവളുടെ കത്തു .. .. .. | 2 |
| യുദ്ധാനന്തര പുനർനിർമ്മാണം .. .. | 3 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 4–5 |
| ഭടന്റെ ഭാര്യ .. .. .. .. | 6–7 |
| രണ്ടാം ലോകമഹായുദ്ധത്തിലെ ജർമ്മൻ പട്ടാളം .. | 8–9 |
| നീ എന്തു ചെയ്യു ? .. .. .. | 9 |
| ഗറില്ലാ ഡാക്ടർ .. .. .. | 10–11 |
| വീരഭടൻ .. .. .. .. | 11 |
| ചിത്രങ്ങൾ .. .. .. .. | 12 |


# 14-ാം പടയ്ക്കു് രാജാവു തിരുമേനിയുടെ അഭിനന്ദനങ്ങൾ

അമേരിക്കക്കാരും ചൈനക്കാരുമായ പട്ടാളക്കാരുടെ സഹായത്തോടുകൂടി, ആഫ്രിക്കൻ കൊളോണിയൻ സേനകളുൾപ്പെട്ട എന്റെ പതിനാലാം പട ബർമ്മയിലൂടെ ജപ്പാൻകാർ ഇന്ത്യയെ ആക്രമിക്കാൻ ചെയ്ത പരിശ്രമങ്ങളെ പരാജയപ്പെടുത്തി. അവരുടെ രാജ്യത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള ഈ സമരത്തിൽ ഇന്ത്യൻ സേനകൾ ശോഭനമായ പങ്കു നിർവ്വഹിച്ചിട്ടുണ്ടു്.

—1944 നവെമ്പർ 20-ാംനു രാജാവു തിരുമേനി പാർലിമെണ്ടിൽ ചെയ്ത പ്രസംഗത്തിൽ.

### ജപ്പാൻകാരെ തോല്പിക്കാമെന്നു അവർക്കു് നല്ല ഉറപ്പുണ്ടു്.

ബ്രിട്ടീഷുകാരും ഇന്ത്യക്കാരും, ആഫ്രിക്കക്കാരുമായ യോദ്ധാക്കൾക്കു ജപ്പുഭടനെ പരാജയപ്പെടുത്താൻ കഴിയും. തന്മൂലം മുഴുവൻ ജപ്പാൻകാരെയും തോല്പിക്കുന്നതിനു അധികം താമസമുണ്ടാവില്ലെന്നു തീർച്ചയാണു്.

ജപ്പുഭടൻ എപ്പോഴും മരിക്കുന്നതിനു സന്നദ്ധനാണു്. ഒരു രണ്ടാംതരം യോദ്ധാവാകാതിരിക്കുന്നതിനു കാരണം ഇതാണു്. സഖ്യസേനകൾ ഒരു ലക്ഷം ജപ്പു ഭടന്മാരെ നശിപ്പിച്ചു. പക്ഷെ 600 ഭടന്മാരെ മാത്രമെ തടവുകാരായി പിടിക്കുവാൻ സാധിച്ചുള്ളു. സ്വയം കീഴടങ്ങിയ ഒരു ജപ്പുഭടനെപ്പററി മാത്രമേ എനിക്കു അറിയുകയുള്ളു. തനിക്കു ബ്രിട്ടീഷു സാമ്രാജ്യത്തിലെ ഒരു മാന്യനായ അംഗമാകണമെന്നു ആഗ്രഹമുണ്ടെന്നു ആയാൾ ഞങ്ങളോടു പറഞ്ഞു. അയാൾക്കു ഭ്രാന്തുണ്ടെന്നു സംശയിച്ചു ഞങ്ങൾ അയാളെ ഡോക്ടരുടെ അടുത്തേക്കയച്ചു.

—1944 നവെമ്പർ 30-ാംനു ബ്രിഗേഡിയർ എസ്. എഫ്. ഇർവിൻ ലണ്ടനിൽവെച്ചു ചെയ്ത ഒരു പ്രസ്താവനയിൽനിന്നു്.

### പതിനാലാം പടയുടെ ധീരോദാത്തതയും നെഞ്ഞൂക്കും പരാക്രമവും.

ഇന്തോ-ബർമ്മ യുദ്ധരംഗത്തിൽ ധീരകൃത്യത്തിന്റെയും പരാക്രമത്തിന്റെയും ഉയർന്ന ഉദാഹരണങ്ങൾ ദിനംതോറും ദൃശ്യമാകുന്നതാണു്. വിപത്തു നിറഞ്ഞതും വിസ്തൃതവുമായ ഒരു രാജ്യമാണതു്. എതിർക്കേണ്ട ശത്രുവാകട്ടെ നീചനും, നിഷ്ഠുരനും, ഭ്രാന്തനുമാണു്. അവരെ തോല്പിക്കുന്നതിൽ നമ്മുടെ ഭടന്മാർ കാണിക്കുന്ന ധീരോദാത്തതയുടെ കഥകൾ രോമാഞ്ചകാരികളാണു്.

—കുറച്ചു ദിവസങ്ങൾക്കു മുമ്പു ബ്രിട്ടനിൽവെച്ചു മി. നോയൽ കോവാഡ് ചെയ്ത ഒരു പ്രസ്താവനയിൽനിന്നു്.

## അവളുടെ കത്തു്

(കെ. ജി. പിള്ള.)

പ്രാണേശ ! ഭാഗ്യവതിമാർകുലറാണി ഞാനെ-
ന്നാണോർത്തിടുന്നതിവളിന്നതിമോദപൂർവ്വം.
പ്രാണേശ്വരയെന്നിയെയടുത്തരിവർഗ്ഗമോട-
ങ്ങാണത്തമാർന്നു പടവെട്ടുക ധീരധീരം !

വീറോടുവന്നെതിരിടും പ്രതിഹാരിവൃക്ഷ-
മേറിന്നു വെൺമഴുവതായൊരു യുദ്ധവീരൻ,
പാരിൽ തനിക്കു വരനെന്നു വരുന്നപക്ഷം
നാരിക്കു മാനമതിലെന്തപരം നിനച്ചാൽ ?

ഹാ ! തോററു പിന്നിലൊരുകാലു വിടുന്നുവെച്ചാൽ,
ചേതസ്സുഴന്നളവിൽ നേത്രജലം പൊഴിച്ചാൽ,
ഈത്തനപിയെയെത്രയധികം വിഷമിക്കുമെന്നോ,
മാതൃക്ഷിതിക്കതവമാനവുമാകുകില്ലേ ?

ചിന്തിച്ചിടുന്നു ചിലപോതവിടത്തൊടൊത്തു
ചന്തത്തിലാപ്പെരിയ പോർക്കളമെത്തിടാൻ ഞാൻ ;
“ സന്താനരക്ഷണ ” മതിന്നവിടത്തെയാജ്ഞ ;
യെന്താണിവൾക്കിവിടെ ധർമ്മതോത്തുനോക്കു !!

പാലിച്ചിടും തവ നിദേശമതിക്കുളത്തും,”
ബാലന്റെ ബാല്യദശയങ്ങു കഴിഞ്ഞുവെന്നാൽ,
ചേലിൽബ്ഭവാനഥ ഗമിച്ച വഴിക്കുതന്നെ
കാലേയയയ്ക്കുമവനേ, യിവൾ ധന്യയാകും !

വീരപ്രസൂതമതിനാലുരു പുണ്യയെന്നു,
വീരന്റെ ജായയതിനാൽ ഭുവി ദിവ്യയെന്നും.
പാരിങ്കലെന്നെയറിയും ബഹുകോടി മർത്ത്യ-
രോരുമ്പൊഴെത്ര ചരിതാർത്ഥതയാർന്നിടും ഞാൻ !

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ഡിസെമ്പർ 8-ാംനു, വെള്ളിയാഴ്ച

## യുദ്ധാനന്തര പുനഃനിർമ്മാണം

"ഈ യുദ്ധത്തിലെ സവിശേഷമായ ഒരു സാദ്ധ്യത സാമാന്യ ജനതകൾക്കു കൂടുതൽ പ്രാധാന്യം നൽകുക എന്നതാണ്" എതാണ്ടു രണ്ടു കൊല്ലങ്ങൾക്കുമുമ്പു് സർ വില്ല്യം ബവറിഡ്ജ് ഇങ്ങിനെ എഴുതുകയുണ്ടായി.

ഇന്ത്യാ ഗവർമ്മേണ്ടിന്നു യുദ്ധാനന്തര പുനർനിർമ്മാണത്തെ സംബന്ധിച്ച അഭിപ്രായങ്ങൾ സമർപ്പിക്കുന്നതിൽ മററു സംസ്ഥാന ഗവർമ്മേണ്ടുകളെ അപേക്ഷിച്ചു മദ്രാസ് അല്പം പിന്നിലായിരുന്നു. പക്ഷെ ധൃതിപ്പെടാതെ കാര്യങ്ങൾ ശരിയാംവണ്ണം നിർവ്വഹിക്കുക എന്നതാണ് മദ്രാസ് ഗവർമ്മേണ്ടിൻെറ ലക്ഷ്യം. യുദ്ധാനന്തര പുനർനിർമ്മാണ സമിതിയിൽപെട്ട പന്ത്രണ്ടു സബ്കമ്മററികൾ ചെയ്തു പ്രവർത്തനങ്ങളെ ആരാഞ്ഞു നോക്കുന്നപക്ഷം ഈ താമസത്തിന്നു കാരണമെന്താണെന്ന് വ്യക്തമാവുന്നതാണ്.

ഇന്ത്യയിലെ മററെല്ലാ പുനസ്സംഘടനാപദ്ധതികളെപോലെ ഈ അഭിപ്രായങ്ങളുടേയും അടിസ്ഥാനതത്വം, ജനകീയമായ പുരോഗതിയാണ്, അതായതു്, സംസ്ഥാനത്തിലെ ജനങ്ങളുടെ ജീവിതരീതി നന്നാക്കുക എന്നതാണ്. പിരിഞ്ഞുവരുന്ന പട്ടാളക്കാർ, വ്യവസായങ്ങൾ, കൃഷി, ഫിഷറികൾ, വനങ്ങൾ, ജലസേചനം, സന്ദേശസൌകര്യങ്ങൾ, വാഹനസൌകര്യങ്ങൾ, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, സ്ത്രീകൾ, കന്നുകാലികൾ ഈ കാര്യങ്ങൾക്കായി ഏർപ്പെടുത്തിയ ഓരോ സബ്കമിററികൾക്കും അറിയാം ജനകീയ പുരോഗമനമെന്ന മൂലസിദ്ധാന്തത്തെ പ്രായോഗികരൂപത്തിൽ വരുത്തുകയാണ് അവരുടെ കൃത്യമെന്ന്. ഈ കൃത്യം അവർ ശരിയാംവിധം നിർവ്വഹിക്കുന്നുണ്ടു്. അതിൻെറ ഒരു ലക്ഷ്യമാണ് നവെമ്പർ 30-ാംനു മദിരാശി പട്ടാളക്കാരെ സംബന്ധിച്ച പദ്ധതികൾ. സ്ത്രീകളുടെ സ്ഥിതിയേയും, നിലയേയും ഉയർത്തൽ, വ്യവസായങ്ങളിൽ വിദ്യുച്ഛക്തി ഉപയോഗിക്കൽ, ആരോഗ്യസേവനങ്ങൾ, ആരോഗ്യവ്യവസ്ഥകൾ വികസിപ്പിക്കൽ, റോഡുകൾ സംസ്ഥാന ഗവർമ്മേണ്ടിൻെറ നിയന്ത്രണത്തിലും ഉടമയിലും വരുത്തൽ ഇവയായിരുന്നു ആ ശുപാൾശികൾ. ഇവ കുറിക്കുന്നതു് ഗവർമ്മേണ്ടിൻെറ അഭിപ്രായത്തോടും, സാങ്കേതികഗണനകളോടും അനുദ്യോഗസ്ഥ പ്രതിനിധികൾക്കു എത്രമാത്രം അനുഭവമാണുള്ളതെന്നാണ്.

### നിഷ്പക്ഷത

മദ്രാസിലെ റീകൺസ്ട്രക്ഷൻ പാർലിമെണ്ടിൻെറ സ്വഭാവത്തേയും അതിലെ അംഗങ്ങളേയും എടുത്തുനോക്കിയാൽ പലരസകരമായ സംഗതികളും കാണാവുന്നതാണ്. ഗവർമ്മേണ്ടിൻെറ നിഷ്പക്ഷവും ജനകീയവുമായ നിലയെപ്പററി ജനറൽ കമിററി യോഗത്തിൽ അദ്ധ്യക്ഷം വഹിച്ച ഗവർണ്ണർ പ്രകാശിപ്പിച്ചു. അനുദ്യോഗസ്ഥമെമ്പർമാർക്കേ വോട്ടു ചെയ്യാൻ പാടുള്ളു എന്നാണ് അദ്ദേഹം പ്രസ്താവിച്ചതു്. മാത്രമല്ല അനുദ്യോഗസ്ഥ മെമ്പർമാരിൽനിന്നുള്ള അധികം റിപ്പോർട്ടുകൾ അഥവാ ശുപാർശികൾ ഐക്യകണ്ഠ്യേന അംഗീകരിക്കപ്പെട്ടു. വാഹന സൌകര്യങ്ങളെ സംബന്ധിച്ചേടത്തോളം അധികമധികം ഭരണകൂടത്തിൻെറ നിയന്ത്രണം വേണമെന്നും സ്വകാര്യ ഉടമ ചുരുക്കണമെന്നാണ് അവരുടെ ആവശ്യം. ഇതിനെ സംബന്ധിച്ചു് വിശദമായ ഒരു റിപ്പോർട്ടുവേണമെന്നു അഭിപ്രായപ്പെടുകയുണ്ടായി.

നാളെത്തെ പൌരനെ സംബന്ധിച്ചു് ഏററവും പ്രധാനമായതു് വിദ്യാഭ്യാസമാണ്. ഇതിനെക്കുറിച്ചുള്ള പദ്ധതികൾ പരിപൂർണ്ണമായിട്ടില്ല. എന്നാൽ ആധുനീക ജനകീയ രാഷ്ട്രത്തിന്നു അനുരൂപവും ആവശ്യകവും ഏതാണ്ടു് വിപ്ലവപരവുമായ പദ്ധതികൾ ആലോചനയിലിരിക്കുന്നു. നിർബ്ബന്ധവിദ്യാഭ്യാസം വിപുലീകരിക്കുകയും, വ്യാപ്തിയുള്ളതാക്കുകയും ചെയ്യുന്നതായിരിക്കും. വയോജനവിദ്യാഭ്യാസത്തിന്നുള്ള പദ്ധതികളും ഉണ്ടു്. സിനിമയും, റേഡിയോവും വിദ്യാഭ്യാസപരമായ കാര്യങ്ങൾക്കു് അധികമധികം ഉപയോഗിക്കേണമെന്നുള്ള അഭിപ്രായഗതികളും ഉണ്ടു്. അവസാനമായി, അദ്ധ്യാപകന്മാർക്കു് ശമ്പളം അധികപ്പെടുത്തണമെന്നും റിപ്പോർട്ടിൽ ഉണ്ടായിരിക്കും. ആ സംഗതിയിൽ ആർക്കും പരിഭവിക്കാൻ തരമില്ല.

### വിഷമങ്ങളും കുഴപ്പങ്ങളും

ജലസേചനത്തെ സംബന്ധിച്ച മുഴവൻ കണക്കുകളും വിവരങ്ങളും അറിയാതെ കൂടുതലായി പറയുവാൻ നിവൃത്തിയില്ല. ഈ വിഷയത്തിൽ സാമ്പത്തിക ശാസ്ത്രജ്ഞൻേറയും, കൃഷകൻേറയും അഭിപ്രായഗതികളും ആരാഞ്ഞറിയേണ്ടതുണ്ടു്. ഉഷ്ണമേഖലയിൽകിടക്കുന്ന ഒരു ഉപഭൂഖണ്ഡത്തിൽ വേണ്ട കാർഷിക പരിഷ്കരണത്തെ സംബന്ധിച്ചുണ്ടാവുന്ന വിഷമതകളെപ്പററിയും, മൌലികാഭിപ്രായങ്ങളെപ്പററിയും കമ്മിററിയിൽ വിവദിയ്ക്കേ, ഒരു രസകരമായ വാദം പുറപ്പെടുകയുണ്ടായി. യുണൈററഡ് സ്റ്റേററ്സിലേയും, റഷ്യയിലേയും കാർഷികരീതികളെ അപ്പടി ഇന്ത്യയിലും പകർത്തണമെന്ന് വാദിക്കുന്നവർക്കു് ആ വിഷമങ്ങളെപ്പററി ഒന്നും ആലോചനയുണ്ടാവുകയില്ല. ട്രാക്ടർ യന്ത്രം ഉപയോഗിക്കുന്നതു് ഇന്ത്യയിലെ കൃഷിക്കു പലപ്പോഴും ഒരനുഗ്രഹമായിരിക്കുകയില്ല എന്ന് കേട്ടപ്പോൾ കമ്മിററിയിൽത്തന്നെ ഒരതിശയമുണ്ടായി. മണ്ണിന്നടിയിലെ വെള്ളത്തെ കണ്ടുപിടിക്കുകയാണ് വേണ്ടതെങ്കിൽ ട്രാക്ടർ യന്ത്രങ്ങൾ അതിന്നു ഉപദ്രവകരമായിരിക്കുമെന്ന് ഡയരക്ടർ ഓഫ് അഗ്രികൾച്ചർ ചൂണ്ടിക്കാണിക്കുകയുണ്ടായി.

പിരിഞ്ഞുവരുന്ന ഭടന്മാർക്കു വേണ്ടിയുള്ള ലാണ്ടു കോളണികൾ, ഇൻഡസ്ട്രിയൽ വർക്ക്ഷാപ്പുകൾ ഇവ സഹകരണസമ്പ്രദായത്തിന്നു വിധേയമായി നടത്തപ്പെടണമെന്ന അഭിപ്രായം സർവ്വസമ്മതമായി അംഗീകരിക്കപ്പെട്ടു. ജനറൽ കമ്മിററിയുടെ പുരോഗമനപരമായ മനോഭാവത്തിന്നുള്ള ഒരു സാക്ഷ്യമാണിതു്. ഈ പത്രപംക്തികളിൽ വിശദീകരിക്കപ്പെട്ട ഈ പദ്ധതികൾ, പ്രായോഗികമാക്കുന്നതിന്നുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നുവെന്നു നമുക്കു വിശ്വസിക്കാം.

### ഒരു പുതിയ ഇന്ത്യയിലേക്കു്.

യുദ്ധത്തിന്നു ശേഷമുള്ള പുനഃനിർമ്മാണത്തെപ്പററി ഇതേവരെയും തയ്യാറാക്കിയ റിപ്പോർട്ടിൽനിന്നു വ്യക്തമാവുന്നതു എന്താണെന്നുവെച്ചാൽ സംസ്ഥാനത്തിലൊട്ടാകെ ഗണ്യമായ ഒരു സാമൂഹ്യ പരിവർത്തനത്തിന്നു ഇവ സാദ്ധ്യപ്പെടുത്തുന്നുവെന്നതത്രെ. പാശ്ചാത്യ രാജ്യങ്ങളിലും, അതേപോലെ പൌരസ്ത്യ ദേശങ്ങളിലും രൂപവൽകൃതമാകുന്ന ഒരു സവിശേഷലോകത്തിന്നുവേണ്ടിയുള്ള സമരത്തിൽ മദിരാശിയും പങ്കു ചേരുന്നുണ്ടു്. യുദ്ധത്തിൽ വിജയം നേടുന്നതിന്നുള്ള പരിശ്രമങ്ങളോടൊപ്പം തന്നെ, തെന്നിന്ത്യയിലെ നഗരങ്ങളിലും, ഗ്രാമങ്ങളിലും ഉള്ള ജനങ്ങളുടെ ജീവിതത്തോതു ഉയർത്തുന്നതിന്നുള്ള നിശ്ചയവും ചെയ്തുകഴിഞ്ഞിരിക്കുന്നു. ഈ പദ്ധതികൾ പിന്തിരിപ്പന്മാരുടെ വിമർശനത്തെ കൂസലില്ലാതെ ഉപേക്ഷിക്കുന്നതായിരിക്കും. സൃഷ്ടിപരമായ ദേശീയമനോഭാവത്തെ ഉത്തേജിപ്പിക്കുന്നതിന്നു ഈ പദ്ധതികൾ അടിസ്ഥാനമിടുന്നതുമാണ്.

വിവിധതരത്തിലുൾപ്പെട്ടതും, വളരെ വലുതുമായ ജനറൽ കമ്മിററി അംഗങ്ങളും, മററു പന്ത്രണ്ടു സബ് കമ്മിററിയിലെ വിദഗ്ദ്ധാംഗങ്ങളും, അവരുടെ ചുമതലകളെപ്പററി തികച്ചും ബോധമുള്ളവരാണ്. അവരുടെ മാതൃഭൂമിയോടു അവർക്കുള്ള കർത്തവ്യം നിർവ്വഹിക്കുന്നതിന്നു അവർ സന്നദ്ധമായിരിക്കുന്നു; ഈ യന്ത്രത്തെ നടത്തുന്നതിന്നുള്ള ഉദ്യോഗസ്ഥാംഗങ്ങൾ, തികച്ചും നിഷ്പക്ഷനയക്കാരും സഹായമനോഭാവമുള്ളവരുമാണ്.

യുദ്ധം, പൊതുആവശ്യങ്ങളുടെ പ്രാധാന്യതയെപ്പററി ജനങ്ങൾ തമ്മിൽ ഒരു ഗ്രാഹ്യം ഉണ്ടാക്കിയിരിന്നില്ലെങ്കിൽ ഇങ്ങിനെയൊന്നും സംഭവിക്കുകയൊ, സംഭവിക്കാനിടവരികയൊ ചെയ്യുകയില്ലായിരുന്നു. ഈ പദ്ധതികളെല്ലാം പ്രായോഗികരൂപത്തിൽ വരികയും ഫലപ്രദമാവുകയും ചെയ്യുമ്പോൾ, ഈ മഹൽകൃത്യത്തിന്നുവേണ്ടി എത്രമേൽ ആത്മാർത്ഥവും, അക്ഷീണവുമായ പരിശ്രമങ്ങളാണ് ചെയ്തിരിക്കുന്നതെന്ന് രാജ്യം ഓർമ്മിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

# ആഴ്ചക്കുറിപ്പുകൾ

## ബർമ്മ രംഗത്തിലെ വിജയങ്ങൾ

അമേരിക്കൻ ഭടന്മാർ പറയുന്നപോലെ കാലാവസ്ഥ നന്നാവുന്നതോടുകൂടി, ബർമ്മയിലെ സമരത്തിന്നു ചൂടുപിടിച്ചുവരുന്നു. സ്കോട്ടിഷ് റജിമെൻറ് പിൻബോ കൈവശപ്പെടുത്തി; ആ നഗരത്തിൽ ആഘോഷത്തോടെ കുഴലൂതിക്കൊണ്ടാണ് സേനകൾ പ്രവേശിച്ചതു്. മൂന്നാഴ്ചയോളം നിലനിന്ന ഭയങ്കര യുദ്ധത്തിന്നുശേഷം നഗരം കൈവശം വന്നപ്പോൾ, അവർക്കു അത്ര ഉല്ലാസവും സന്തോഷവും തോന്നിയിരിക്കണം. പിന്നീടു ഉണ്ടായ വിജയം 6-ാം ചൈനപ്പട്ടാളം ഭാമോവിന്നു 40 നാഴിക തെക്കോട്ടു പുരോഗമിച്ചതാണ്. ഭൂപടത്തിലേക്കു ഒന്നു കണ്ണോടിച്ചാൽ, ഈ പട്ടാളങ്ങൾ മാൻഡലിയെ ലക്ഷ്യമാക്കി, മദ്ധ്യബർമ്മയിലെ മർമ്മസ്ഥാനങ്ങളിലേക്ക് കടക്കുകയാണെന്നു മനസ്സിലാക്കാം, 500 നാഴികയുള്ള യുദ്ധരംഗത്തിൻെറ മറെറാരു വശത്തു, പടിഞ്ഞാറൻ ബർമ്മയിൽ, കെൽവൻ പിടിക്കപ്പെട്ടു. ഇതും വമ്പിച്ച ഒരു നേട്ടമാണ്. 14-ാം പടയിലുൾപ്പെട്ട കിഴക്കൻ ആഫ്രിക്കൻ സേനയാണ് ഈ കൃത്യം നിർവ്വഹിച്ചതു്. സഖ്യസേനകൾ മാണ്ടലിയിൽ എത്തിച്ചേരുമ്പോൾ ജാപ്പുകൾ ഒരു യുദ്ധത്തിന്നു സന്നദ്ധമാകുമോ എന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. എല്ലായിടങ്ങളിലും അവർക്കു വളരെ വിഷമങ്ങളുണ്ടാക്കിത്തീർത്തിരിക്കുന്നു. പാലങ്ങളും, റെയിൽപ്പാതകളും അടിസ്ഥൂടിചെയ്ത ബോമ്പുവർഷത്താൽ താറുമാറായിക്കഴിഞ്ഞുമൂലം ബർമ്മയിലെ ജാപ്പസൈനികനേതൃത്വത്തിന്നുള്ള ജോലി ചെറുതൊന്നുമല്ലതന്നെ. ഇപ്പോൾ ബർമ്മയിൽ എല്ലാ തരത്തിലുമുൾപ്പെട്ട 100 വിമാനങ്ങൾ ശത്രുവിന്നുണ്ടോ എന്ന് ചില വിദഗ്ദ്ധന്മാർ സംശയിക്കുന്നു. നമുക്കു ബർമ്മരംഗത്തിലെ ആകാശത്തിൽ ആധിപത്യവും മേൽക്കിടയും ഉണ്ടു് എന്നതിന്നു യാതൊരു സംശയവുമില്ല.

## വായാടിയായ മദിരാശിക്കാരൻ

നവെമ്പർ 24-ാംനു- ഫീൽഡ് സെക്യൂറിട്ടി സെക്ഷനിൽപെട്ട ഒരു ആഫീസർ കുപ്പുസ്വാമി കൊളന്തവേലു ചെട്ടിയാർ എന്നൊരു മദിരാശിക്കാരനെ അറസ്റ്റ് ചെയ്തിരിക്കുന്നു. കാരണം ആയാൾ ഇന്ത്യൻ ഭടന്മാരോടും, പട്ടാളത്തിൻെറ ഗതാഗതങ്ങളെപ്പററി ചോദിച്ചു. എന്തിനാണ് ഈ വിവരമൊക്കെ എന്നു ചോദിച്ചപ്പോൾ, ആയാൾക്കു തൃപ്തികരമായി യാതൊന്നും പറവാനും കഴിഞ്ഞില്ല ഇന്നത്തെ ഭടനു സിദ്ധിച്ച പരിശീലനം എന്തൊക്കെയാണെന്നു കുപ്പുസ്വാമിയ്ക്കറിഞ്ഞുകൂടായിരിക്കാം. അല്ലെങ്കിൽ ആയാൾ ഈ വങ്കത്തരത്തിന്നു പോവുമായിരുന്നില്ല. ഒരുവക്കെ ആയാൾ ഒരു ജിജ്ഞാസുമാത്രമായിരിക്കാം, അല്ലെങ്കിൽ ഒരു ജപ്പാനീസ് ചാരൻ. ആക്കറിയാം? ഇന്ത്യയിലെങ്ങും ഐക്യരാഷ്ട്രങ്ങളിലെ പടകൾ സഞ്ചരിച്ചു വരികെ, എല്ലാ കാര്യങ്ങളും രഹസ്യമായി ചെയ്യാൻ കഴിഞ്ഞെന്നുവരില്ല. അതിനെപ്പററി സംസാരിക്കാനോ, അന്വേഷിക്കാനൊ നമുക്കു പലപ്പോഴും തോന്നുകയും ചെയ്യും. പക്ഷെ, ഇതു ആപൽകരമായ ഒരു കൃത്യമാണ്. ഈ മദ്രാസുകാരൻ അതിപ്പോൾ പഠിക്കുന്നതാണ്. ജപ്പാന്നെതിരായുള്ള ആ ഭയങ്കര സമരത്തിന്നുള്ള സമയം സമാഗതമായിരിക്കുന്ന ഈ സന്ദർഭത്തിൽ വിവരങ്ങൾ ലഭിക്കുന്നതിന്നു ജാപ്പുകൾ കിണഞ്ഞു പരിശ്രമിക്കുന്നതായിരിക്കും. അതുകൊണ്ടു ഇപ്പോൾ മൌനമാണ് അത്യുത്തമം. ഇതു ലംഘിക്കുന്നവരുടെ എതിരായി അധികൃതന്മാർ എടുത്തുവരുന്ന നടവടികൾ ന്യായീകരിക്കത്തക്കവയാണ്.

## വിജയത്തിന്നുവേണ്ടി ബ്രിട്ടൺ ചെയ്ത ത്യാഗങ്ങൾ

ബ്രിട്ടനിൽ കുറച്ചു ദിവസങ്ങൾക്കുമുമ്പ് പ്രസിദ്ധംചെയ്ത "വൈററ് പേപ്പറിൽനിന്നു" യുദ്ധത്തിന്നുവേണ്ടി ബ്രിട്ടൺ എന്തെല്ലാം ചെയ്തിട്ടുണ്ടെന്നു വ്യക്തമാകുന്നുണ്ടു്. ബ്രിട്ടനിലെ ജനങ്ങൾ ത്യാഗം ചെയ്തു, കഷ്ടപ്പെട്ടും അവരുടെ തലയുയർത്തിപ്പിടിച്ചു ബ്രിട്ടനിലെ മൂന്നു വീടുകളിൽ ഒന്നുവീതം നഷ്ടപ്പെട്ടിട്ടുണ്ടു്. മൂന്നുകു ഒന്നു വീതം യുദ്ധരംഗത്തിൽ ബ്രിട്ടീഷു ഭടന്മാരും, പൌരന്മാർ നാട്ടിലും മൃതരായിട്ടുണ്ടു്. എന്നിട്ടും യുദ്ധോല്പാദനത്തിന്നു യാതൊരു കുറവും തട്ടിയില്ല. ഈ അഞ്ചു വർഷത്തിന്നുള്ളിൽ ഇവർ 102,013 വിമാനങ്ങളും, 6,000 കപ്പൽവാഹനങ്ങളും, 6,750,000 ടൺ കപ്പലുകളും, 13,500 ഫീൽഡ് ഗൺസും, 15,000 ലധികം ആൻറി ഏർക്രാഫ്ററ് തോക്കുകളും, 25,000 ടാങ്കുകളും, 4,000,000 മെഷീൻ തോക്കുകളും, 8,000,000,000 റൌൺഡ്സ് ചെറുതരം വെടിക്കോപ്പുകളും നിർമ്മിച്ചിട്ടുണ്ടു്. എന്നാൽ ഈ അദ്ധ്വാനവും, ചെലവുമൊക്കെ വന്നിട്ടും സാമ്രാജ്യത്തിലുൾപ്പെട്ട കോളനികളിൽനിന്ന് ഒന്നും പററിയിട്ടില്ല. "ഞങ്ങൾക്കു കോളനികളിൽനിന്നു ലഭിച്ച എല്ലാത്തിന്നും ഞങ്ങൾ പണം കൊടുക്കുന്നതാണ്. തന്മൂലം ഇന്ന് അവർക്കു ഞങ്ങൾ ഒരു വലിയ തുക കടപ്പെട്ടിരിക്കുന്നു" ബ്രിട്ടീഷ് ഇൻഫർമേഷൻ മന്ത്രിയായ മി. ബ്രണ്ടൽബ്രാക്കൻ പറയുന്നു. ബ്രിട്ടനിലെ ജനങ്ങൾക്കു, ലോകത്തിലുള്ള എല്ലാവരുംതന്നെ കടപ്പെട്ടവരാണ്. അതു് കണക്കുപുസ്തകത്തിൽ ചേർക്കാവുന്നതോ സ്വർണ്ണമായി നൽകാവുന്നതോ ആയ ഒരു കടമല്ല. പിന്നേയൊ, ലോകത്തെ സംരക്ഷിച്ച ബ്രിട്ടീഷ് പൌരന്മാരുടെ ധീരോദാത്തതയ്ക്കുള്ള കടമാണ്. ബ്രിട്ടനിൽ ഇന്നു വളരെ കുറച്ചെ പണക്കാരുണ്ടാവുകയുള്ളൂ. 5,000 ക.യിൽ കൂടുതൽ ആദായമുള്ള ആളുകൾ ഉണ്ടോ എന്നുതന്നെ സംശയമാണ്. എന്നാൽ ഇന്നു ബ്രിട്ടനിലെ ഏതൊരാളും ഒരു വിധത്തിൽ ധനവാനാണ്. ലോകത്തിലെ മുക്കാൽ ഭാഗം ജനസമൂഹങ്ങളുടെയും ചങ്ങാതിത്വം ആയാൾക്കു കരസ്ഥമാക്കാൻ കഴിഞ്ഞു. പണംകൊണ്ടു ഈ മൈത്രീഭാവം വാങ്ങുവാൻ സാധിക്കുന്നതല്ല. ബ്രിട്ടീഷ് ജനത പ്രദർശിപ്പിച്ച ദൃഢനിശ്ചിതമായ നില്പും, ഉശിരും, നിസ്വാർത്ഥസ്വഭാവവും, ധീരതയോടുകൂടിയ സഹനതയും വിജയത്തിന്നു വളരെ അധികം അനുകൂലമായിട്ടുണ്ട്. ഏതൊരു രാജ്യത്തിന്നും സാഭിമാനം അനുകരിക്കാവുന്ന ഒരുദാഹരണമാണ് ഇതു്.



# ലോകമഹായുദ്ധം ഇങ്ങിനെ കാണുക




## ജർമ്മനിയിലേക്കു—റൂറിലേക്കും സാറിലേക്കുമായുള്ള കുതിച്ചുകയററം

യൂറോപ്പിലേക്കുള്ള 3-ാമത്തെ തുറമുഖ പ്രവേശദ്വാരത്തിൽ, അതായതു് ആൻറ്വർപ്പിൽക്കൂടി ജനറൽ ഐസൻഹോവറുടെ സേനകൾക്കുവേണ്ട സാമാനങ്ങളും സേനകളും പ്രവഹിച്ചുകൊണ്ടേയിരിക്കുന്നു. ഈ സമയത്തു യുദ്ധം റീച്ചിലേക്കു തന്നെ പ്രവേശിച്ചുതുടങ്ങിയിരിക്കുന്നു. ജനറൽ ക്രെരറുടെ നേതൃത്വത്തിലുള്ള കനേഡിയൻ സേന നിജ്മെഗ്നിൽ ശത്രുവിനെ ചെറുത്തുകൊണ്ടു നിൽക്കുന്നു; ജനറൽ ഡിംപ്സിയുടെ രണ്ടാം സേന വെൽനോവിൽ ജർമ്മൻകാരെ ഞെരുക്കുന്നു. യു. എസ്. ഒന്നാം സേനയും ഒമ്പതാം സേനയും കോളോണിലേക്കുള്ള മൈതാനത്തിലേയ്ക്കു് തള്ളിക്കയറുന്നു. ഭയങ്കരമായ യുദ്ധത്തിന്നുശേഷം ആ വഴിക്കുള്ള പല ഗ്രാമങ്ങളും ഈ രണ്ടു സേനകളും കരസ്ഥമാക്കിക്കഴിഞ്ഞു. കിഴക്കു ജനറൽ പാററൻെറ നേതൃത്വത്തിൽ യു.എസ്. മൂന്നാം സേന സാർ താഴ്വരയിൽ പൊരുതിവരുന്നു. ഈ സേന സാർലാടേൺ എന്ന വ്യവസായനഗരം കൈവശപ്പെടുത്തി. മെട്സിലും സ്ട്രാസ്ബർഗ്ഗിലുമായുള്ള ജർമ്മൻകാരുടെ നില വളരെ അപകടത്തിലാണ്. 50,000 ജർമ്മൻകാർ ഇവിടെ തടവുകാരായി പിടിക്കപ്പെടുമെന്നു ഊഹിക്കാവുന്നതാണ്. റൂറിലേയ്ക്കും സാറിലേയ്ക്കുമായുള്ള ഈ മന്ദഗതിയിലുള്ള യാത്ര, ഈ ഭയങ്കര സമരങ്ങൾ, ജർമ്മനിയുടെ ത്വരിതപരാജയത്തിന്നു എത്രമേൽ സഹായകമാണെന്നു കുറിക്കുന്നു.

## കൂടെക്കൂടെ ഗോബൽസിൻെറ ഒച്ചപ്പാട്

ഒരൊററ മാസത്തിന്നുള്ളിൽ 53,000 ടൺ ബോമ്പുകൾ വർഷിച്ചു് നാശപ്പെട്ട ഒരൊററ രാജ്യവുമില്ല. നവെമ്പർ മാസത്തിൽ ജർമ്മനിമേൽ ആർ.എ.എഫ്. ചെയ്ത ആക്രമണങ്ങളുടെ റിക്കാഡാണിതു്. അതേമാതിരിത്തന്നെ 50,000 ആകാശസേനകൾ, നാശവും മരണവും വർഷിക്കുമ്പോൾ, ജർമ്മൻ ജനങ്ങൾ ഇരുന്ന് ഇതൊക്കെ നോക്കിക്കാണേണ്ടിവരുന്നു. തീർച്ചയാണ് ഡാക്ടർ ഗോബൽസ് ബോമ്പുകളുടെ മർമ്മരവും, ജനങ്ങളുടെ പിറുപിറുക്കലുകളും കേട്ടിട്ടുണ്ടു്. യുദ്ധസ്ഥിതികളെക്കുറിച്ചുള്ള വിവാദങ്ങൾചെയ്യാനേ പാടില്ലെന്നു ശാസിച്ചുകൊണ്ടു് ഡിസെമ്പർ 1-ാംനു- ആയാൾ 'ഡാസ്റീച്ച്' എന്ന പത്രത്തിൽ എഴുതിയിരിക്കുന്നു: "പൊതുജനങ്ങൾക്കിടയിൽ സംഗതികൾ വെളിപ്പെടുത്തിക്കൂടെന്നു ശാസിക്കപ്പെട്ടിരിക്കുന്നു." ആയാൾ എഴുതുന്നു: "യുദ്ധത്തിൻെറ അവസാനഫലത്തെപ്പററി യാതൊരു ആശങ്കകളും പ്രദർശിപ്പിക്കരുതു്." ഒരുവക്കെ യുദ്ധംതന്നെ ഇല്ലെന്നു ജർമ്മൻകാർ വിശ്വസിക്കണമെന്ന് ആയാൾ വിചാരിക്കുന്നുണ്ടാവാം! ജർമ്മനിയുടെ പ്രചരണയന്ത്രം തിരിക്കുന്ന ഈ കുറിയ മനുഷ്യൻ, നവെമ്പർ 23-ാംനു- പ്രഖ്യാപിച്ചു: "യുദ്ധം വേണ്ട ഒന്നാണെന്ന് ഞങ്ങൾ, ജർമ്മൻകാർ ഒരിക്കലും അഭിപ്രായപ്പെട്ടിട്ടില്ല." ഒമ്പതു കൊല്ലങ്ങൾക്കു മുമ്പ് ഗോബൽസിൻെറ പത്രത്തിൽ എഴുതിയിരുന്നു, "ഏതൊരു വ്യക്തിയിലും യുദ്ധോന്മാദം കുത്തിവെക്കേണ്ടിയിരിക്കുന്നു—യുദ്ധം അവൻെറ വലിയ വികാരമാണു, ആനന്ദമാണ്, ഉല്ലാസവും വിനോദവുമാണ്."

## ആസ്ത്രിയ ആപത്തിൻെറ വക്കിൽ

ഹങ്കറിയിൽ വീണ്ടും റഷ്യക്കാർ ജർമ്മൻകാരെ കബളിപ്പിച്ചതായി തോന്നുന്നു. ബുഡാപെസ്റ്റിൽ ശത്രു വളരെ കേമമായ പ്രതിരോധങ്ങൾ സന്നദ്ധമാക്കുന്ന അവസരത്തിൽ ചുവപ്പുസേന അവരുടെ സൂത്രങ്ങൾ അപ്പടി നിഷ്ഫലമാക്കി. അവരുടെ ഉന്നം വലിയ നഗരങ്ങൾ പിടിക്കുകയല്ലെന്നും, ശത്രുവിൻെറ സന്ദേശസൌകര്യങ്ങൾ താറുമാറാക്കുകയും, വളഞ്ഞു പിടിക്കുകയാണെന്നും ശത്രുവിനേ ബോദ്ധ്യപ്പെടുത്തി. തൽഫലമായി രണ്ടിടങ്ങളിൽ ചുവപ്പുസേന കുതിച്ചുകയറുന്നു. ഇവയിൽവെച്ചു് ഏററവും മുഖ്യമായതു് മാർഷൽ ടോൾബൂഖിൻെറ കീഴിലുള്ള മൂന്നാം ഉക്രേനിയൻ പട ബുഡാപെസ്റ്റിൻെറ പടിഞ്ഞാറു ഭാഗത്തിലൂടെ ആസ്ത്രിയയെ നോക്കിപോവുന്ന പോക്കാണ്. ഹങ്കേറിയയുടെ തലസ്ഥാനത്തിൻെറ കിഴക്കു ജനറൽ പെട്രോവിൻെറ നേതൃത്വത്തിൽ 4-ാം ഉക്രേനിയൻ

(ശേഷം 7-ാം പേജിൽ)

# ഭടൻെറ ഭാര്യ

(മഞ്ജരി)

" ഭർത്തൃവിയോഗത്താലാർത്തയായെത്രനാൾ
പേർത്തും നീയിവിധം കാത്തിരിയ്ക്കും ?
നിൻവിവാഹക്കുറിമായും മുമ്പായ് കാന്തൻ-
തൻവിരഹത്തിനുപാത്രമായ് നീ !
പട്ടാളക്കാരൻ മണവാളനായ്ത്തീർന്നാൽ
പെട്ടിടും കഷ്ടങ്ങൾ നിഷ്ഠുരങ്ങൾ.
ഞാനാണെന്നാകിൽ സഹിക്കില്ല തോഴിയീ-
മാനമെഴാതുള്ള വാഴ്ചയേതും.

ജീവിതസൌഖ്യങ്ങൾതുച്ഛമെന്നോർത്തേവം
ഭൂവിങ്കൽ യോഗിനിയായ് വസിപ്പാൻ,
ഉദ്ദേശിക്കുന്നെങ്കിലെന്തിനായ് പിന്നെ നീ-
യദ്ദേഹത്തിൻമാറിൽച്ചാർത്തിമാല്യം ?
കാഷായവേഷവും ഭസ്മക്കുറിയുമായ്
കാശിയ്ക്കുപോകുകയല്ലീ ഭേദം ?
ജീവിതം ജീവിപ്പാനാ, സ്വാദിച്ചീടുവാൻ
പാവമെൻ തോഴി നീയെന്തറിഞ്ഞു !

ജീവിതമാകുന്നൊരാസവമാവിയായ്
പോവും മുമ്പാസ്വാദിച്ചില്ലയെങ്കിൽ,
മർത്ത്യരായ് നമ്മൾ പിറന്നതു കൊണ്ടെന്തു-
കർത്തവ്യം ? ജീവച്ഛവങ്ങൾമാത്രം ! "

നിർത്തിനാൾ പെട്ടെന്നു വാസന്തി വൈദ്യുത
ശക്തിയേററാകെത്തരിച്ചപോലെ.
ശാരദതന്മുഖം ചെഞ്ചായം പൂശിച്ചു
നീറിടും കോപത്തിന്നങ്കുരങ്ങൾ,
അന്തിക്കതിരോൻെറ രക്തകിരണങ്ങൾ
ചിന്തിയ ശാരദമേഘം പോലെ.

ഫാലത്തിലോളങ്ങൾ തള്ളീചുളികളാൽ ;
ലോലാധരങ്ങൾ വിറയ്ക്കുയായീ.

ലാളനീയാകൃതിയാണവളെങ്കിലും
കാളിയെപ്പോലാകും കോപമാർന്നാൽ !

വാസ്തവം തോഴിതൻ വാക്യങ്ങൾ: തൻപ്രിയൻ
നിസ്തുലവീരൻ സുധീരയോധൻ,
പോരിന്നിറങ്ങിപ്പോയ് വേളിതൻ പിറെറന്നാൾ
പാരിൻപരിത്രാണ കൃത്യനിഷ്ഠൻ.

വാടിക്കഴിഞ്ഞില്ലവളന്നു ചാർത്തിച്ച-
വൈവാഹിക മാല്യമിത്തിരിയും ;
ഇല്ലാ മധുവിധു ചിന്നിയരോമാഞ്ചം
തെല്ലുമേ മാഞ്ഞിട്ടില്ലപ്പൊഴതും ;

ആശിസ്സണച്ചതാം മംഗല്യകാലത്തി-
ലാശാമുകുളം വിരിഞ്ഞതില്ല ;
പ്രേമത്തിൻ പൂന്തോപ്പിൽ പാറിപ്പറക്കുവാ-
നാമോദവിസ്തൃതിയിങ്കലെത്താൻ,
പൂഞ്ചിറകൊന്നു വിടത്തുവാൻ ഭാവിയ്ക്കും
പൂമ്പാററക്കുഞ്ഞുങ്ങൾ, ദമ്പതിമാർ !
പോകണം പോരിനായ് തൽക്ഷണമെന്നൊരു
ഭീകരശാസനയപ്പോൾ കിട്ടി ;

സാധ്വീയ നിർവൃതിതൻവേദി തന്നിലാ-
യൊട്ടിട്ടിടിച്ചൊരീ ജീവിതങ്ങൾ
വെട്ടിപ്പിളർത്തുവാൻ, കീറിമുറിക്കുവാ-
നിട്ടൊരു ബോംബെന്ന മാതിരിയിൽ.

ഒന്നിച്ചു ചേർന്നൊഴുകീടുമിമ്മാനസ-
നിമ്നഗ രണ്ടായ്ത്തിരിഞ്ഞിടേണം,
കണ്ണുനീർവീണു നനഞ്ഞുനിനവുക-
ളെണ്ണിക്കഴിക്കുക തന്നെവേണം
ആലോചിച്ചങ്ങിനെ നിന്നുകുറച്ചിട-
യാലോലചിത്തനായ് യോധവര്യൻ.

'കർത്തവ്യം', അക്ഷരം മുന്നേവംമുന്നിലായ്
കാർത്തികാ താരകംപോൽ വിളങ്ങി !

ഓമലിൻ ചുംബനമല്ലിനി യേല്പതു-
ബ്ഭീമരിപുക്കളിൽ ബോംബുവർഷം.

നാണം കുണുങ്ങുന്നനായിക തന്നണി-
വേണിയിൽ പൂചാർത്തും കൈകൾമേലിൽ,
തോക്കുപിടിച്ചരി സഞ്ചയസംഹാരം
വാഴ്ക്കുവാൻ വെക്കണമുണ്ടവീണ്ടും.

പ്രേമമധുരിമ നിൽക്കട്ടേ,—തന്നാട്ടിൻ
ക്ഷേമത്തിന്നക്ഷമാ ശീലൻനിന്നു !

ആവേശപൂരിതമാഞ്ഞു പുണർന്നയാൾ
ജീവേശ്വരി തൻെറ മേനിവീണ്ടും.
വീരന്നെഴും വിരിമാറിൽ മുഖംചായ്ച്ചു-
ശാരദ, രോദിതം രാഗബദ്ധം.

മഞ്ഞിൽക്കുളിച്ചു മലമേലെ വെൺമുകിൽ-
മന്ദം തലചായ്ച്ചു നിൽക്കുംപോലെ !

ചുട്ടനെടുവീർപ്പിൻ ചൂടുകലർന്നതാം
ചുംബനം കൈമാറി രണ്ടുപേരും ;
ഓരോരോ ചുംബനത്തിങ്കലൊതുക്കിനാ-
നായിരമായിര മാഗ്രഹങ്ങൾ !

പൊട്ടിക്കരയുവാനിഷ്ടമില്ലാത്തവർ,
ദുഃഖിച്ചാൽ മൂർഛിച്ചു വീഴാവുന്നോർ,
നാലഞ്ചുമാത്രകൾമാത്രം നിലനില്ക്കും-
മാലെഴമീരംഗം വിട്ടുപോയിൻ.... !!

*　　*　　*

ചിന്താശതങ്ങളനവധി തന്വിതൻ
സ്വാന്തത്തിലൂടെക്കവിഞ്ഞൊഴുകീ.

കർത്തവ്യനിഷ്ഠയിൽ കാരിരുമ്പെന്നപോൽ
സുസ്ഥിരനാരണ വീരനെങ്ങോ,
പൊട്ടക്കിണററിലെ മണ്ഡൂകമെന്നോണം
പൊട്ടിക്കരയുമീ 'വാസു' വെങ്ങോ ?

" ഓമൽസ്സഖി നിൻെറ യാവേശപേശല-
വാങ്മയ ധോരണികൊള്ളാം, കൊള്ളാം "
ശാന്തയായ് ശാരദയോതിത്തുടങ്ങിനാൾ
തൻതോഴിയോടു മൃദുസ്വരത്തിൽ,
" ആയിരമായിരം നാഴിക ദൂരയെൻ-
പ്രേയാൻരണ ഭൂവിലാണെന്നാലും,
ആ മനോമോഹനൻ മാമകമാനസേ-
ത്തുമയിൽ മായാതിരിപ്പൂ നിത്യം ;
കൊച്ചുനീർപ്പോളതൻ ഹൃത്തിന്നകത്തൊരു-
പൊൽത്താരംബിംബിച്ചിടുന്നവണ്ണം !

ആസ്വദിക്കുന്നു ഞാനസ്സാഹചര്യത്തെ
നിത്യവും നിദ്രയിൽ, നിർവൃതിയിൽ.

രാജഹംസാവിൻ ചിറകുകളേന്തിയെൻ-
സങ്കേത സീമനിയെന്നുമെന്നും,
എത്തിടാറുണ്ടയാൾ തോക്കുചുമന്നൊരു
യോദ്ധാവിൻ വേഷത്തിലെൻെറ തോഴീ !

മേലാകെ കോരിത്തരിത്തരിക്കുമന്നേരത്തിൽ-
മാലകന്നെന്നെ മറന്നിടും ഞാൻ.

അത്രമേലാനന്ദദായക, മത്രമേ-
ലത്ഭുതാവേശക മെന്തുവേറെ ?

വേർപാടിലുണ്ടൊരാനന്ദം ; പ്രതീക്ഷതൻ-
വേപഥുവിങ്കലും സംഗമങ്ങൾ !

ഞാനീതിലാ മഗ്നയായിക്കഴിഞ്ഞോളം
നൂനമെൻ നാളുകളീവിധത്തിൽ !

ജീവിതം ജീവിപ്പാൻ,—സമ്മതിച്ചീടുന്നീ
കേവലതത്വം ഞാൻ വാദമെന്യേ.

ജീവിക്കാൻ !-എങ്ങിനെ ജീവിക്കാൻ?-എന്നതി-
ലാവും നമുക്കഭിപ്രായഭേദം !

ജീവിക്കാൻചാവുന്നു ; ചാകുവാൻ ജീവിപ്പൂ,
ഭൂവിലീരീതികൾ രണ്ടും കാണാം.

മൃത്യുവിലുണ്ടൊരു ജീവിതമെത്രയും
സ്തുത്യർഹ മുത്തമമത്യനർഘം.
ജീവൻപോവാതൊരു ചാകലും, നീയിതിൽ
ജീവിതമേതു തെരഞ്ഞെടുക്കും ?
ഞാനിതിലാദ്യത്തെ തത്വത്തിൽ വിശ്വസി
ച്ചീടുവോളെന്നു മറക്കരുതേ !

'ജീവിതം'—മൂന്നുലിപികൾക്കിടയിലു-
ണ്ടായിരമായിരം തത്വശാസ്ത്രം.

ജീവിതം !—ഭൂഗോളമൊക്കെയിതിന്നുള്ളിൽ
താവുന്നു, താങ്ങും തണലുമായി !

ഭാവനപോലവ വ്യാഖ്യാനിച്ചീടുവാൻ-
ഭാവിക്കുമാചാര്യരേറെയുണ്ടാം.


മാദകാവേശിതജീവിതമാധുരി
മോദദം, മോഹനം, വാഞ്ഛമല്ല.
കർത്തവ്യ നിഷ്ഠയതിൽക്കലർത്താസ്ഥിലോ-
കസ്ഥമതൊക്കെയെന്നോമ്മ വെയ്ക്കൂ !
എന്നാഥൻ മൃത്യുവരിച്ചോട്ടെ,യെന്നാലും
പിന്നേയും മന്നിതിൽ വാണുകൊള്ളും.

നിഷ്ഠുരഫാസിസ്റ്റു നിഷ്ഠയെ നീക്കുവാൻ
പുഷ്ടവീര്യം രണം ചെയ്യൊടുവിൽ,
സ്വാതന്ത്ര്യവേദി തൻജീവിതരക്തത്താൽ
പൂതമാക്കീടുകിലെന്തു ചേതം ?
ചോരയിൽ മുക്കിയെഴുതിടും മാലോക-
രാരണവീര ചരിതമെല്ലാം ;

മായാതെമന്നിൻെറ മാനസഭിത്തിയി-
ലീയക്ഷരങ്ങൾ പതിഞ്ഞുനിൽക്കും ;

ധീരനദ്ദേഹത്തിൻ ത്യാഗചരിത്രത്തെ-
വാരിധിതൻ തിരയേററു പാടും ;

അന്തിച്ചുവപ്പിങ്കലാരണ രംഗങ്ങൾ
സന്തതം ബിംബിച്ചുകാണും വിശ്വം ;




ആ വിദ്വാൻ നക്ഷത്രം നോക്കുകയാണ് !

മൃത്യുവിൽ ജീവിക്കുമദ്ദേഹമന്തിനെ
പുഷ്പ് പതിച്ചവിട്ട സുഗന്ധംപോലെ!!

ഒന്നിനും കൊള്ളാതെ, ഭൂവിനുഭാരമായ്
തിന്നിരുന്നീടുന്ന പൂരുഷന്റെ,
ഭാര്യാപദത്തേക്കാളാശിപ്പു ഞാനേവം
വീര്യമുള്ളോന്റെ വിധവയാകാൻ!

നാടിനെ രക്ഷിക്കാൻ, നാട്ടാരെക്കാക്കുവാൻ
നാമെല്ലാം സൌഖ്യമായ് വാണിരിപ്പാൻ
തോക്കേന്തിപ്പോയിതദ്ധീരൻ രണത്തിനായ്;
നോക്കുകെന്നുജ്ജ്വലത്ത്യാഗബുദ്ധി!

ഓരോന്നിമേഷവും വൈരിയെ വെല്ലുവാ-
നോരോരോ തഞ്ചങ്ങൾ നോക്കിനോക്കി,
മഞ്ഞു, മഴ, വെയിലേററമിഴകിയ-
മണ്ണി, വയിങ്കലിഴഞ്ഞിഴഞ്ഞും,
പൊട്ടിത്തെറിക്കുന്ന ബോംബിന്റെ മുമ്പിലും
ഞെട്ടാതെ. വീരങ്കിയുണ്ടയേററും,
പോർക്കളംതന്നിൽ പൊരുതുന്ന പോരാളി-
വർഗ്ഗമാണിന്നത്തെ ത്യാഗിവര്യർ
ദേശാഭിമാനത്തിൻ മൂർത്തികൾ, രാജ്യത്തി-
ന്നാശയമാശിസ്സുമാണാവന്ദ്യർ!

ലജ്ജയില്ലാതെ നീയാവീര യോധരെ-
കുററംപറയുന്നെന്തുററ തോഴീ?

അത്യാഗിവര്യർക്കു കാണിക്കവെക്കുനിൻ
ഹൃത്തിലെഴുമനുഭാവമെല്ലാം!

കാവിയുടുക്കാതെ, കാശിക്കുപോകാതെ
കാക്കിയുടുത്തോരെൻ ദേവനെ ഞാൻ
പൂജിക്കും ഹൃൽസ്പന്ദപൂക്കളാൽ പാവനം.
സേവിക്കും ജീവിത കാലമാകെ.

വാസന്തി വാസ്തവമോതട്ടെ, നാമെല്ലാം
വാസരാതോറും പ്രസന്നരായി
നേരുക, നേരുക ശീഘ്ര വിജയമി-
പ്പോരാളിമാർക്കെല്ലാം കൈവരുവാൻ."

*  *  *

അത്ഭുതപ്പെട്ടുപോയ് വാസന്തി യെന്തൊരു-
വിസ്തൃത വിജ്ഞാന പ്രസ്താവങ്ങൾ!

പൊട്ടിക്കരഞ്ഞു പോയുത്തര മില്ലവൾ-
ക്കൊട്ടുമേ കണ്ണുനീരൊന്നൊഴികേ..!!

---

(5-ാം പേജിൽനിന്നു തുടർച്ച)

പടയും മാർഷൽ മാലിനോസ്കിയുടെ സേനകളും കൂടി ചെക്കോസ്ലൊവാകയിലെ പർവ്വതനിബിഡമായ പ്രദേശങ്ങളിലേക്കും പാഞ്ഞുപോകുന്നു. വിവിധവും, അപ്രതീക്ഷിതവുമായ റഷ്യൻ സൈനിക തന്ത്രങ്ങളെയാണ് ഇതു ചിത്രീകരിക്കുന്നത്.

### ചൈന സന്നദ്ധമാകുന്നു

കാംഗ്സി സംസ്ഥാനത്തിലെ തെക്കു വശത്തിലൂടെയുള്ള ജപ്പാന്റെ വരവു സ്വാതന്ത്ര്യചൈനയ്ക്കു ഏററവും വലിയ ഒരു വിപത്താണ്. ചൈനഗവർമ്മേണ്ടും സഖ്യ പക്ഷക്കാരും ഈ ആപത്തിനെ അഭിമുഖീകരിക്കുന്നതിന്നു വേണ്ടതെല്ലാം ചെയ്യുന്നതിന്നു സന്നദ്ധമായിരിക്കുന്നു. ജനറൽ ചിയാങ്ങ്, തികച്ചും സൈനിക കാര്യങ്ങളിൽ വ്യാപൃതമായിരിക്കുമെന്നുള്ള പ്രസ്താവന ഈ വാരത്തിൽ കേൾക്കുകയുണ്ടായി. അദ്ദേഹം പ്രധാനമന്ത്രിസ്ഥാനം, വിദേശകാര്യ മന്ത്രിയായ മി. ടി. വി. സൂങ്ങിനു് കൈയൊഴിഞ്ഞു കൊടുത്തു. ഇതിന്റെ ഉദ്ദേശ്യം ചൈനസമരം ഒന്നു മുറുക്കം കൂട്ടണമെന്നതാണെന്നതിന്നു യാതൊരു സംശയവുമില്ല. ബർമ്മറോഡ് മുറിക്കുന്നതാണ് ജാപ്പാൻകാരുടെ ഉദ്ദേശം; ആ ലക്ഷ്യപ്രാപ്തിക്കായിട്ടാണ് ജാപ്പ് പടകൾ കവീലിനിൽനിന്നു കവീയാങ്ങിലേക്കു ഗമിക്കുന്നതു്. ജപ്പാൻകാർക്കു ഇവിടെ വിഷമങ്ങളുണ്ടാക്കിത്തീർക്കാമെങ്കിലും, സഖ്യസേനകൾ ഈ പ്രഖ്യാതമായ സപ്ലൈമാർഗ്ഗം തുറക്കുന്നതിനെ മുടക്കുവാൻ സാദ്ധ്യമാവുകയില്ല. ഈ അവസരത്തിൽ ടോക്കിയോവിൽ കർശനമായ ബോംബാക്രമണങ്ങൾ തുടർന്നുവരുന്നു. ജപ്പാന്റെ കടൽപ്പടയ്ക്കു വളരെ നാശം വന്നിട്ടുണ്ട്; ബോംബു വർഷം മൂലം തൊഴിൽ ശാലകളും വ്യവസായകേന്ദ്രങ്ങളും കത്തിയെരിയാനും തുടങ്ങി. ജാപ്പ് സൈനിക പ്രഭുത്വത്തെ അവസാനമായി പ്രഹരിച്ചൊതുക്കുന്ന സാരംഭം സുശക്തമായിത്തന്നെവരുന്നു.

# രണ്ടാം ലോകമഹായുദ്ധത്തിലെ ജർമ്മൻ പട്ടാളം

(ഒരു സോവിയററ് നിരീക്ഷകൻ)

1944-ാം വർഷത്തിൽ ഹിററ്ലരുടെ പട്ടാളത്തിന്ന് വളരെയധികം പരാജയങ്ങൾ പററിയിട്ടുണ്ട്; തന്മൂലം ഇന്നത് അപരിത്യാജ്യമായ നാശത്തിൻെറ വക്കത്തു എത്തിച്ചേൎന്നിരിക്കുന്നു. ഹങ്കറിയൊഴികെ, ബാക്കിയുണ്ടായിരുന്ന എല്ലാ സഹായ രാജ്യങ്ങളും ഇന്നു ജൎമ്മനിയെ പാടേ പരിത്യജിച്ചിരിക്കുന്നു; മാത്രമല്ല പലരും ജൎമ്മനിക്കു എതിരായി യുദ്ധവും ആരംഭിച്ചുകഴിഞ്ഞു. കിഴക്കും പടിഞ്ഞാറും സഖ്യസേനകൾ ജൎമ്മനിയുടെ സജീവകേന്ദ്രങ്ങളെ ഉന്നംവെച്ചുള്ള ഭയങ്കരവും വമ്പിച്ച രീതിയിലുള്ളതുമായ ആക്രമങ്ങൾക്കു സന്നദ്ധമായിരിക്കുന്നു; മാർഷൽ സ്ററാലിൻ പറഞ്ഞതുപോലെത്തന്നെ, ജൎമ്മനി ആപത്തിൻെറ വക്കത്തെത്തിക്കഴിഞ്ഞിരിക്കുന്നു. ജൎമ്മനിയിലെഫാസിസ്ററ് സേന പണ്ടത്തേക്കാളെല്ലാം ബലവത്തും ഉഗ്രവുമാണെങ്കിലും, അതിൻെറ അടിസ്ഥാനം ഛിന്നഭിന്നമായിത്തുടങ്ങി. നമുക്കു കഴിഞ്ഞ യുദ്ധത്തിലെ കൈസറിൻെറ പടയും, ഈ യുദ്ധത്തിലെ ഹിററ്ലരുടെ സേനയുമായി ഒന്നു താരതമ്യപ്പെടുത്തി നോക്കുക. ഹിററ്ലരുടെ ജൎമ്മനിയുടെ ഉദ്ദേശം യൂറോപ്പിനെ കീഴടക്കുക എന്നതായിരുന്നു. അതിന്നു ശേഷം യൂറോപ്പിലെ സാമഗ്രികളും സേനകളേയും കൊണ്ടു ലോകാധിപത്യത്തിന്നു ശ്രമിക്കുകയും. ഈ ഉദ്ദേശപ്രാപ്തിക്കു എതിരാളികളുടേതിനേക്കാൾ ശക്തവും, വിശേഷപ്പെട്ടതും അച്ചടക്കമുള്ളതുമായ പടക്കോപ്പുകളും, പടകളേയും സജ്ജീകരിക്കേണ്ടതു അത്യാവശ്യമാണ്. ഈ പദ്ധതി വളരെ ത്വരിതമായും, സമൎത്ഥതയിലും അവർ നിൎവ്വഹിക്കുന്നതിന്നു വളരെയധികം സാധിച്ചു. ഹിററ്ലർ പോളണ്ട് ആക്രമിച്ചപ്പോൾ, ഫ്രാൻസിനേക്കാളും ബൽജിയത്തേക്കാളും, സൈനികമായി സൎവ്വപ്രകാരേണയും സന്നദ്ധവും മേൽക്കിടയിലുമായിരുന്നു ഹിററ്ലർ.

റഷ്യയെ ആക്രമിക്കുന്നതിന്നു ജൎമ്മനി വളരെയധികം ആയുധസാമഗ്രികളും സേനകളേയും നിയോഗിച്ചു. ആദ്യത്തെ ലോകമഹായുദ്ധത്തിൽ റഷ്യൻ രംഗത്തിൽ ജൎമ്മനിക്കു അന്നാകെയുണ്ടായിരുന്ന 220 ഡിവിഷ്യൻ സേനയിൽ 85 ഡിവിഷ്യൻ പട്ടാളം പോർ ചെയ്തിരുന്നു; മററു സഖ്യശക്തികളായ ആസ്ത്രിയ, ഹങ്കറി, ബൾഗേറിയ, ടൎക്കി ഈ രാജ്യങ്ങളുടെ വകയായും ഈ 85 ഡിവിഷ്യൻ അടക്കം 127 ഡിവിഷ്യൻ സേനകൾ റഷ്യൻ രംഗത്തിൽ അന്ന് പോർ ചെയ്യുന്നതിന്നായി നിയോഗിക്കുന്നതിന്നു ജൎമ്മനിക്കു സാധിച്ചു.

1942 നവെമ്പറിൽ ജൎമ്മൻകാർ അവൎക്കു ആകെ യുണ്ടായിരുന്ന 256 ഡിവിഷ്യൻ സേനകളിൽ 179 ഡിവിഷ്യൻ സേനകളെ സോവിയററ് രംഗത്തിലേയ്ക്കയച്ചു. ഇതിന്നുപുറമേ 22 റുമേനിയൻ ഡിവിഷ്യനും, 14 ഫിന്നിഷ് ഡിവിഷ്യനും, 10 ഇററാലിയൻ ഡിവിഷ്യനും, 13 ഹംഗേറിയൻ ഡിവിഷ്യനും, ഒരു സ്ലോവാക്യൻ ഡിവിഷ്യനും, ഒരു സ്പാനിഷു ഡിവിഷ്യനും, അതായതു്, ഏതാണ്ടു് 240 ഡിവിഷ്യൻ സേനകളെ ഇങ്ങിനെ ആകെ നിയോഗിച്ചു 1944 ൽ ജൎമ്മനി സ്വന്തമായി 207 ഡിവിഷ്യനും, കൂട്ടുകാരുടെ 50 ഡിവിഷ്യനുമായി മൊത്തം 257 ഡിവിഷ്യൻ സേനകളെ സോവിയററ്-ജൎമ്മൻ രംഗത്തിൽ പൊരുതുന്നതിന്നു നിയോഗിച്ചിരുന്നു.

മേൽക്കിട ലഭിക്കുന്നതിന്നായി ആദ്യം ജൎമ്മൻകാർ, ഒരു വമ്പിച്ച വിമാനസേനയും, ടാങ്കുസേനയും, യോജിപ്പിക്കുകയും, കാലാൾപ്പടയെ കൂടുതൽ ആയുധസജ്ജീകൃതമാക്കുകയും ചെയ്തു. ആദ്യത്തിൽ അവരുടെ വിമാനസേന എതിരാളികളുടേതിനേക്കാൾ മേത്തരമായിരുന്നു. ജൎമ്മൻ ടാങ്കുകൾ മേൽക്കിടയിലായിരുന്നില്ല; പക്ഷെ എണ്ണത്തിൽ അവൎക്കു ആധിക്യമുണ്ടായിരുന്നു. സോവിയററിനെ എതിൎക്കുന്നതിന്നു ജൎമ്മൻകാർ 21 ടാങ്കു ഡിവിഷ്യനെ ഏൎപ്പെടുത്തിയിരുന്നു. മാസംതോറും ജൎമ്മനി 2,300 ടാങ്കുകൾ നിൎമ്മിച്ചിരുന്നു. കാലാൾപ്പടക്കു കൂടുതൽ ആയുധങ്ങൾ നൽകുന്നതിന്ന് 75 ആൻടി ടാങ്ക് തോക്കുകൾ, 90 ആൻററി ടാങ്ക് റൈഫിളുകൾ, 141 മോർട്ടാറുകൾ, 705 ടോമിഗൺസ് ഇവയും ഓരോ കാലാൾപ്പടവിഭാഗത്തിന്നു നൽകിയിരുന്നു. മററുള്ള രാജ്യങ്ങളിലെ സേനകളിലെ ഓരോ വിഭാഗത്തിന്നും ഇതിൽ പകുതി മാത്രമേ ആയുധങ്ങൾ ഉണ്ടായിരുന്നുള്ളു.

1941-1942 ലുണ്ടായ ഭയങ്കര സമരത്തിൽ ചുവപ്പു സേനയും, സോവിയററ് ജനതയും, ജൎമ്മൻകാൎക്കു സേനയിലും സാമഗ്രികളിലും ഉണ്ടായിരുന്ന മേൽക്കിടസ്ഥാനം ഇല്ലാതാക്കി. ഇന്ന് ആ മേൽക്കിട സ്ഥാനമുള്ളതു് ചുവപ്പുസേനക്കാണ്. 1944 ആക്രമണത്തിൽ ചുവപ്പുസേന ജൎമ്മൻകാരുടേയും അവരുടെ കൂട്ടുകാരുടെയും 120 ഡിവിഷ്യൻ സേനകളെ നശിപ്പിച്ചുകളഞ്ഞു. മുമ്പുണ്ടായിരുന്ന 257 ഡിവിഷ്യൻ സേനകൾക്കു പകരം ഇന്ന് സോവിയററ് രംഗത്തിൽ 204 വിഭാഗങ്ങളേ ഉള്ളൂ. ഇതിൽ 180-ഓ അതിൽ കൂടുതലൊ വിഭാഗങ്ങൾ ജൎമ്മൻകാരുടേയാണ്. ഇന്നു ചുവപ്പുസേനയ്ക്കു, കൂടുതൽ ടാങ്കുകളും വിമാനങ്ങളും ഉണ്ടു്. ഗുണത്തെ സംബന്ധിച്ചാണെങ്കിൽ സോവിയററു സേന ഫാസിസ്ററു പടയേക്കാൾ അത്രമേൽ മികച്ചതുമാണ്.

ജൎമ്മൻകാർ, സേനകൾക്കു യുദ്ധഗതികളെപ്പററി നല്ല പരിശീലനം നല്കിയിരുന്നു. ആ പരിശീലനം മിന്നൽ സമരസിദ്ധാന്തത്തിന്നു അനുയോജിച്ചവിധത്തിലുമായിരുന്നു. ഭടന്മാൎക്കു, രാഷ്ട്രീയവും, സൈനികവും, "സന്മാൎഗ്ഗികവും" ആയ പരിശീലനം നല്കിയിട്ടുണ്ടു്. ജൎമ്മൻ ജനങ്ങളുടെ സമുന്നതത്വം, "ജീവിക്കാൻ സ്ഥലം" കിട്ടുന്നതിന്നു വേണ്ടിയുള്ള യുദ്ധത്തിൻെറ പരിപാവനത്വം, നോൎഡിക് വൎഗ്ഗക്കാരല്ലാത്തവരുടെ നിസ്സാരതയും അവരെ നശിപ്പിക്കേണ്ട ആവശ്യകതയും, ഈ തത്വങ്ങളൊക്കെയും അവരെ പഠിപ്പിച്ചിരുന്നു. ഇപ്പോൾ അറിയപ്പെട്ടപോലെ, ജൎമ്മൻ ജനതകൾക്കിടയിലെങ്ങും തന്നെ ഫാസിസ്ററു സിദ്ധാന്തം പരത്തിയിരിക്കുന്നു. ജൎമ്മൻബുദ്ധി ജീവികളിൽ ഭൂരിഭാഗവും ഈ "ചീത്ത" സിദ്ധാന്തത്തിൽ വിശ്വസിച്ചുവരുന്നു.

സൈനികമായി, ജൎമ്മൻകാർ കഴിഞ്ഞ ലോകമഹായുദ്ധത്തെപ്പററിയും, സ്പാനിഷ് യുദ്ധത്തെപ്പററിയുമുള്ള അനുഭവങ്ങളെയാണ് അടിസ്ഥാനപ്പെടുത്തിയിരുന്നതു്. ആ അടിസ്ഥാനത്തിൽ തന്നെയാണ് മിന്നൽ സമരസിദ്ധാന്തവും അവർ രൂപവല്ക്കരിച്ചതു്.

അഞ്ചു കൊല്ലത്തെ സമരത്തിന്നുള്ളിൽ ജൎമ്മൻ സേനയിലെ ഓഫീസർമാൎക്കു ഈ വിഷയത്തിൽ വളരെ അധികം പരിചയം സിദ്ധിച്ചിട്ടുണ്ടു്.




ഏഴു കൊല്ലമായി ജപ്പാൻെറ ആക്രമണത്തിന്നു ചൈന വിധേയമായിട്ട്. പല ബുദ്ധിമുട്ടുകളും വിഷമങ്ങളും, ഉണ്ടെങ്കിലും ഇന്നും അതു ശത്രുവിനെ എതിൎത്തുകൊണ്ടു സജീവമായിത്തന്നെ നില്ക്കുന്നു.



ടിപിററ്സ് മുഖ്യ വീരൻ—വിങ്ങ് കമാണ്ടർ, ജി. ബി. ടൈററ്.

ഹിററ്ലരുടെ പട്ടാളത്തിൻെറ പരിചയങ്ങൾ എന്നു ഞങ്ങൾ പറയുമ്പോൾ, അതിൻെറ സാങ്കേതികവും, സൈനികവുമായ അനുഭവങ്ങൾ എന്നാണു വിവക്ഷിക്കുന്നതു്. സൈനികതന്ത്രപരമായ നേതൃത്വത്തിൽ മാത്രം അവർ വങ്കത്തരം കാണിക്കുന്നു. സോവിയററു യൂനിയന്നെതിരായുള്ള യുദ്ധത്തിലാണു് ഇതു തികച്ചും പ്രത്യക്ഷമായതു്. അവരുടെ എല്ലാ പ്ലാനുകളും, ഗണനകളും ഈ രംഗത്തിൽ നിഷ്ഫലമായി. ഇന്നത്തെ നിരോധ സംരംഭങ്ങളിലും അവർ പറയത്തക്ക സാമത്ഥ്യങ്ങളൊന്നും പ്രദർശിപ്പിക്കുന്നതുമില്ല.

ജമ്മൻ സേനകൾക്കു് നിയമത്തോടു യാതൊരു ആദരവുമില്ല. ചരിത്രത്തിലൊരിടത്തും ഇത്ര നിന്ദ്യമായ ഒരു ഉദാഹരണം കണ്ടെത്തുന്നതല്ല. തുരപ്പൻ വിദ്യകൾ, ചതിപ്രയോഗങ്ങൾ, കള്ള വാഗ്ദത്തങ്ങൾ, ജനങ്ങളോടുള്ള മൃഗീയമായ പെരുമാററം, ഇവയൊക്കെയാണു് ജമ്മൻ സേനകൾക്കു ലഭിച്ച പരിശീലനത്തിൻെറ ചില വശങ്ങൾ.

ആദ്യകാലത്തു ഫാസിസ്ററുകാക്കു യുദ്ധസ്ഥിതികൾ അനുകൂലമായിരുന്നു. പക്ഷെ അതു എന്നെന്നും നിലനില്ക്കുന്നതല്ല എന്നു അവക്കു ഇന്നു വ്യക്തമായി. യുദ്ധഗതിയ്ക്കിടയിൽ ശക്തികൾക്കിടയിലും വലിയ പരിവത്തനം വന്നു കഴിഞ്ഞിട്ടുണ്ടു്. ചുവപ്പുസേന ഇന്നു അപ്രതിഹതമായ ഒരു സേനയായിത്തീന്നിരിക്കുന്നു; അതിൻെറ സൈനിക നൈപുണ്യവും, സജ്ജീകരണവൈപുല്യവും വദ്ധിച്ചിരിക്കുന്നു. ഇന്നു ചുവപ്പുസേനയും, അമേരിക്കയുടെയും ബ്രിട്ടൻെറയും സേനകൾ, എണ്ണത്തിലും വണ്ണത്തിലും, സാമത്ഥ്യത്തിലും സാമഗ്രിയിലും ഹിററ്ലരുടെ സൈന്യത്തേക്കാൾ എത്രയോ മികച്ചവയാണു്.

ചുവപ്പുസേനയും സഖ്യശക്തികളുമായുള്ള രണ്ടു വശത്തുമുള്ള യുദ്ധരംഗങ്ങളിലുള്ള സഹകരണത്തിൻെറ ഫലങ്ങൾ ജമ്മനി അനുഭവിച്ചു തുടങ്ങി. ഐക്യരാഷ്ട്രങ്ങളുടെ ദൃഢനിശ്ചിതമായ പരിശ്രമം മൂലം ജമ്മനിയെ വേഗത്തിൽ തോല്പിച്ചുകളയാവുന്നതാണു്. അതാണു് ഇന്നത്തെ കൃത്യം.

## ആ മലയാളി യോദ്ധാവു്

ശ്രീ നാരായണ മേനോൻെറ സ്വദേശം കൊച്ചിയിൽ ചേന്നമംഗലമാണു്. പക്ഷെ അദ്ദേഹം തിരുവിതാംകൂറിൽപെട്ട കോട്ടയത്തേക്കു മാറിത്താമസിച്ചു. കഴിഞ്ഞ ലോകമഹായുദ്ധത്തിൽ ശ്രീ മേനോൻ മെസപ്പെട്ടോമിയയിൽ മൂന്നു വഷത്തോളം പോരാടി. 18 കൊല്ലത്തെ സൈനികസേവനത്തിന്നു ശേഷം, അദ്ദേഹത്തെപ്പിരിച്ചുവിട്ടു, പക്ഷെ ഈ യുദ്ധം ആരംഭിച്ച ഉടനെ അദ്ദേഹം വീണ്ടും പട്ടാളത്തിൽ ചേർന്നു; ഇന്നു മി. മേനോൻ ആസ്സാം ബമ്മ രംഗത്തിൽ പയണിയർ കോറിൽ ഉൾപ്പെട്ട ഒരു ജമേദാരാണു്.

സാമാനങ്ങൾ കയററുക, ഇറക്കുക, പാലം നിമ്മിക്കുക, കൊടി കാണിക്കുക ഈ വിധം ജോലികളൊക്കെ അദ്ദേഹത്തിന്നു അറിയാം; അദ്ദേഹം ഇതൊക്കെ ചെയ്യുന്നുണ്ടു താനും. നാരായണ മേനോന്നു താൻ പാലെൽ എന്ന സ്ഥലത്തിന്നു സമീപത്തായിരുന്ന കാലത്തു പല അത്ഭുതാവഹമായ അനുഭവങ്ങളുണ്ടായിട്ടുണ്ടു്. പല അവസരങ്ങളിലും അദ്ദേഹവും ജാപ്പു ഭടന്മാരും തമ്മിൽ വെടിയുണ്ടകൾ കൈമാററം ചെയ്തിട്ടുണ്ടു്.

അദ്ദേഹം തന്നെ ഒരു ജപ്പാൻകാരനെ പിടിച്ചു. തൻെറ ഉദ്യോഗം അവസാനിക്കുന്നതിന്നു മുമ്പു ഇനിയും കൂടുതൽ ജപ്പാൻകാരെ പിടിക്കണമെന്നദ്ദേഹത്തിന്നു വല്ലാത്ത വാശിയുണ്ടു്. അദ്ദേഹത്തിൻെറ പുത്രനും പട്ടാളത്തിൽ ഐ. എ. ഒ. സി. യിൽ സേവനം ചെയ്തുവരുന്നു.

## നീ എന്തുചെയ്തു?

(യുദ്ധരംഗത്തിൽ ആസന്നമരണനായിക്കിടക്കുമ്പോൾ ഒരു അമേരിക്കൻ സേനാനായകൻ തൻെറ പ്രിയസുഹൃത്തിന്നായി എഴുതിയ കത്തു്)

[ജി. പി. ശങ്കരമംഗലം]

മത്സഖേ,യിന്നു നീ ചെയ്യോരു കമ്മമെ-
ന്തുത്സാഹപൂവ്വമുരയ്ക്കുയില്ലെ? [ക്കാരിൻ
"റേഷനി"ൽ യാതൊന്നും പോരെന്നു സ
ലക്ഷണം ചൊല്ലി നടന്നിരിക്കാം;
അല്ലെങ്കിൽ നിൻറേഷൻ കിട്ടുവാനുണ്ടാകും-
വില്ലങ്കമോത്തു വലഞ്ഞിരിക്കാം;
അശ്രാന്തം വാദിക്കും കാര്യങ്ങൾ കൈവരാൻ-
ഉത്സാഹമെന്തു നീ ചെയ്തും തോഴാ!
ആദർശ വാദങ്ങൾ മാത്രമായെത്രനാൾ
ഖേദിച്ചു ജീവിതം പാഴിലാക്കും?
ഇക്കാര്യമൊക്കയും കേൾക്കുവാൻ യോദ്ധാവി-
നൽകണ്ടായെത്രയെന്നോത്തുവോ നീ?
ഇന്നു നീ ചെയ്യോരു കാരിയമെന്തു്-
ചൊന്നാലുമെൻസഖേ നന്ദിപൂവ്വം;

ഞങ്ങളൊ,-യുദ്ധത്തിൽ ഉദ്ധതശാത്രവ-
ച്ചെന്നിണചോലയിൽ മുങ്ങി മുങ്ങി,
അത്ഭുതസ്തബ്ധരായ് ആയവർ നിൽക്കവേ-
തൽപുരിയൊന്നു പിടിച്ചടക്കി
കണ്ടേക്കാം, നാളത്തെ പത്രത്തിലിക്കാര്യം
ഉണ്ടാക്കാം തൽചിത്തേ തോഷപൂരം.
തുംഗപ്രഭാവരായ് ഞങ്ങളിന്നേരത്തും-
സംഗരഭൂവിൽ പൊരുതി നിൽപ്പൂ.
എന്തൊന്നു നീ ചെയ്തതെന്നതറിയുവാൻ
സന്തോഷചിത്തനായ് ഞാൻ കൊതിപ്പൂ

എൻകരവല്ലിയിൽ തൊട്ടുകിടക്കുന്നു,
തൻജീവനിന്നു വെടിഞ്ഞ യോധൻ
അത്തുടു രക്തത്തിൻ ചൂടെനിക്കിപ്പൊഴു-
മുജ്ജ്വലശക്തിയിയററിടുന്നു!!
അന്നനിൻ പാർശ്വഗൃഹത്തിലൊരോമന-
ക്കുഞ്ഞിന്നു മൃത്യു ഭവിച്ച നാളിൽ
തോരാതുയന്നോരു രോദന ശബ്ദമി-
ന്നാരാലെൻ കാതിൽ മുഴങ്ങീടുന്നു!!
ഹാ, കഷ്ടമിപ്പൊഴു മോക്കുന്നു ഞാനതിൻ-
ഭീകരദൈന്യ ശ്മശാനരംഗം

പോകട്ടെ; മത്സഖെ കണ്ണീർ പൊഴിക്കല്ലെ,
നീ കഷ്ടകാലത്തെയോത്തു പാഴിൽ
തുംഗഭയങ്കരം 'ടാങ്കൊ'ന്നിന്നെന്നുടെ-
ചങ്കിന്നടിയിലായ് വന്നലച്ചു
മിന്നിയരക്ഷണം; കത്തിക്കറച്ചൊന്നു;
പിന്നെച്ഛരീരം കരിഞ്ഞ നാററം;
ആ നാററമത്യന്ത ദുസ്സഹമിപ്പോഴും
പേനവിറക്കുന്നു; കൈതളർന്നു;
എന്തുനീചെയ്തു മദീയ പ്രിയസഖേ
ഹന്ത: മറന്നുവൊ സ്നേഹബന്ധം?
മത്സഖേ: നിർഭാഗ്യർ ഞങ്ങളെചൊല്ലിയി-
ട്ടിസ്സമയത്തു നീയെന്തുചെയ്തു?
അത്യന്തമായിട്ടിന്നദ്ധ്വാനം ചെയ്തുവോ;
അച്ചോദ്യമല്പം കടന്നുപോയൊ? [ക്കാ-
ചിന്തിക്കാം; നീപക്ഷെ; "എന്നോടു ചോദി
നെന്താണിവനൊരു ബന്ധ"മെന്നായ്
അക്കാര്യമിപ്പോളറിയും, ചെറുതും നീ-
ദുഃഖപ്പെടൊല്ലെ പ്രിയസുഹൃത്തെ!
കണ്ടോളൂ, കണ്ടോളൂ, ഞാനിതാ മൃത്യുവിൻ-
'പണ്ടാരപ്പാട്ട'മായ്—മിണ്ടുന്നീല!!

[ഈ പദ്യശകലത്തിൻെറ രചയിതാവായ ലഫ്ററനൻററ് ഡീൻ. ക്ലാട്ലിൻ വടക്കെ ആഫ്രിക്കൻ യുദ്ധരംഗത്തിൽ ഒരു ടാങ്കുവിഭാഗത്തെ നയിക്കുന്ന അവസരത്തിൽ ആസന്നമരണനായെങ്കിലും മരിച്ചില്ല; അദ്ദേഹത്തെ രക്ഷപ്പെടുത്തി. ഇപ്പോഴും അദ്ദേഹം യുദ്ധം ചെയ്തുവരുന്നു. (യു. സ. പ.)]

# ഗൊറില്ലാ ഡോക്ടർ

ഡോക്ടർ അലക്സി ഇവാനോവിച്ച് ബെലോറഷ്യയിലെ ഒരു ചെറിയ നഗരത്തിലായിരുന്നു പാർത്തുവന്നിരുന്നത്. ആ നഗരവാസികൾക്കെല്ലാം അദ്ദേഹം കണ്ണിലുണ്ണിയായിരുന്നു. കാരണം അലക്സി ഒരു നല്ല വൈദ്യനും, ദയാശീലനുമായിരുന്നു.

ജർമ്മൻകാർ ആ നഗരം കയ്യിലാക്കിയപ്പോൾ, അലക്സി ഇവാനോവിച്ച്, ഫീൽഡ് കമാൻററുടെ ആഫീസിൽവന്നു, താൻ സൈനികാസ്പത്രിയിൽ ജോലിചെയ്യാമെന്ന് അപേക്ഷിച്ചു. ഗസ്റ്റപ്പോവിലെ തലവൻ ഡോക്ടരുടെ വീട്ടിൽ താമസമുറപ്പിക്കുകയും, ഫീൽഡ് കമാൻററുടെ ആഫീസിൽ തൻെറ സ്നേഹിതന്മാരെ ക്ഷണിച്ചു വരുത്തി ശീട്ടു കളിക്കുവാനും ആരംഭിച്ചു.

ഒരിക്കൽ അലക്സി ഇവാനോവിച്ച് കമാൻററുടെ കാർ ഒരു ഉല്ലാസസവാരിക്കായി എടുത്തുകൊണ്ടുപോയി. അദ്ദേഹം മടങ്ങിവന്നതേയില്ല. അധികം താമസിക്കാതെ, ഡോക്ടർ അലക്സി ഇവാനോവിച്ചിൻെറ നേതൃത്വത്തിൽ ഒരു ഗോറില്ലാസംഘം, ആ നഗരത്തിന്ന് സമീപമുള്ള കാടുകൾക്കിടയിൽ താവളമുറപ്പിച്ചു. അപ്പോഴാണ് നഗരവാസികൾക്ക് ദേശാഭിമാനികളുടെ രഹസ്യയോഗങ്ങൾ നടക്കുന്നുണ്ടെന്ന സംഗതി മനസ്സിലായത്—അതും കടിച്ചുമദോന്മത്തന്മാരായി ഡോക്ടരുടെ വീട്ടിലിരിക്കുന്ന നാസികളുടെ മൂക്കിൻെറ ചോട്ടിൽ!

പിന്നീടുണ്ടായ സംഭവഗതികൾ ജർമ്മൻകാർക്ക് ഇരിക്കപ്പൊറുതിയില്ലാതാക്കി. ഇറച്ചിശാല അഗ്നിക്കിരയായി. പവർഹൌസിലെ പ്രധാന ഓപ്പറേറ്റർ ഒരു രാത്രി അപ്രത്യക്ഷനായി, നഗരം മുഴുവനും തന്നിമിത്തം ഇരുട്ടിൽക്കുളിച്ചു. സ്റ്റേഷനിലേയ്ക്കു പാഞ്ഞെത്തിയ ജർമ്മൻകാർ തങ്ങളുടെ കാറുകളെല്ലാം കത്തിച്ചെരിച്ചതായി കണ്ടു. ജർമ്മൻ ലഘുലേഖകൾ ഒട്ടിക്കാറുള്ള നോട്ടീസ് ബോർഡിൽ പെട്ടെന്നു ഒരു സോവിയററ് പത്രം പതിച്ചുകാണായി. മേയ് 1-ാം തിയ്യതി ജർമ്മൻ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്മേൽ ഒരു രക്തപതാക പാറിപ്പറന്നു—ക്രുദ്ധരായ നാസികൾ കൊടി വലിച്ചുചീന്തുന്നതിന്നു മേൽപ്പുരമേൽ കയറിയപ്പോൾ കെട്ടിടം ആകെ പൊട്ടിത്തെറിച്ചു. മേൽപ്പുരയ്ക്കിടയിൽ 'മൈൻ' വെക്കപ്പെട്ടിരുന്നു.

*   *   *

ഡോക്ടർ എന്നെ ഒരു പഴയ ചങ്ങാതിയെപ്പോലെയാണ് സ്വീകരിച്ചത്. അദ്ദേഹത്തെ മുമ്പൊരിക്കലും ഞാൻ കണ്ടിട്ടേയില്ല. അദ്ദേഹത്തിന്നു ജനങ്ങളെ വളരെ ഇഷ്ടമായിരുന്നു. അലക്സി ഇവാനോവിച്ച് വളരെ പൊക്കംകൂടി തടിച്ചു ഒരു പൌരപ്രശാന്തമായ മുഖഭാവത്തോടുകൂടിയ ഒരാളായിരുന്നു. അദ്ദേഹത്തിൻെറ ഉടുപ്പിൽ തോക്കുവെക്കുന്ന അരപ്പട്ടയോ, ഓട്ടമാററിക് റൈഫിളൊ, ഒന്നും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ കഴുത്തിൽ ഫീൽഡ്ബൈനോകുലേഴസ് മാത്രം തൂക്കിയിരുന്നു.

യുദ്ധം മുറുകിയ ഒരവസരത്തിൽ ഉന്മാദം പിടിച്ച വിധത്തിൽ ഒരു വൃദ്ധ ഗൊറില്ലാ സംഘത്തിൻെറയരികിൽ വന്നുവിളിച്ചുചോദിച്ചു: "ഡാക്ടർ! ഡോക്ടർ! എവിടെയാണ് ഡോക്ടർ?" അതിന്നു കാരണം, വീട്ടിൽനിന്നു എടുത്തുകൊണ്ടുവന്ന ഒരു യുവതിക്ക് പ്രസവവേദനയുണ്ടായിരുന്നു. അതു അറിയിക്കാൻ വന്നതാണ് കിഴവി.

തോട്ടത്തിലേയ്ക്ക് ഡോക്ടരൊന്നിച്ച് ഞാനും പോയി. ആകാശത്തിൽ നക്ഷത്രങ്ങൾ സമുജ്ജ്വലമായി പ്രകാശിച്ചുകൊണ്ടിരുന്നു. പെട്ടെന്നു, യുദ്ധഘോഷത്തിൻെറ പ്രതിധ്വനിയുടെ മദ്ധ്യത്തിൽത്തന്നെ, ഒരു കൊച്ചുകുഞ്ഞിൻെറ "ങേ! ങേ!" എന്ന കരച്ചൽ ഞാൻ കേട്ടു. എൻെറ സമീപത്തു കിടന്നിരുന്ന ഒരു ഗോറില്ലഭടൻ ഈ കരച്ചൽ കേട്ടു പൊട്ടിച്ചിരിച്ചു.



അമേരിക്കയിലെ പുതിയ വിദേശകാര്യ മന്ത്രി സ്റ്റെററിന്യസ്.

ഡോക്ടർ ആ പടച്ചാലിൽ നിന്നു ഇഴഞ്ഞു പുറത്തുവന്നു. അദ്ദേഹത്തിൻെറ കൈകളിൽ രക്തം പുരണ്ടിരുന്നു. "ഒരാൺകുഞ്ഞു" അദ്ദേഹം ആനന്ദത്തോടെ അറിയിച്ചു.

യുദ്ധം അവസാനിച്ചപ്പോഴേക്കും, ആ മുറി ഒരു ഓപ്പറേഷൻ സ്ഥലമായി. ഗൊറില്ല ഭടന്മാർ വകരം അവിടെ കാണപ്പെട്ടതു്, നഴ്സുമാരെയാണ്. അലക്സി ഇവാനോവിച്ചു മാത്രം അപ്പോഴും അവിടെ നിന്നിരുന്നു; ഗൊറില്ലാ കമാണ്ടർ എന്ന നിലയില്ല; ഒരു മാച്ചില്ലാത്ത വെള്ളക്കോട്ടണിഞ്ഞ സർജ്ജൻെറ ശാന്തഗംഭീരഭാവത്തിലാണ് അദ്ദേഹം അപ്പോൾ.

ചോരയൊലിക്കുന്ന ഒരു ഗോറില്ലാ ഭടനെ അവിടെക്ക് താങ്ങിപ്പിടിച്ചുകൊണ്ടുവന്നു. മുറിയേററ ആൾ അലക്സി ഇവാനോവിച്ചിനെ തിരിച്ചറിഞ്ഞു. ആയാളുടെ ഇരുണ്ട മുഖം പ്രകാശിതമായി; ആയാൾ വേദനയെല്ലാം വിസ്മരിച്ചപോലെ തോന്നി ..................ഗൊറില്ല സംഘത്തിൽപെട്ട ഒരു കൊല്ലൻ ഉണ്ടാക്കിയ കത്തികൊണ്ടു ഡോക്ടർ ഗൌരവപരവും വിഷമം പിടിച്ചതുമായ ഒരു ശസ്ത്രക്രിയചെയ്തു.

പിന്നീടു ഞങ്ങൾ കാട്ടിലെ ആസ്പത്രി സന്ദർശിച്ചു. ഡോക്ടർ അവിടേയ്ക്കു പ്രവേശിച്ചപ്പോൾ ആ സ്ഥലം നിശ്ശബ്ദമായി. വളരെ കടുത്ത മുറിവേററിരുന്നവരും കൂടി നിലവിളി മാററി. ഡോക്ടർ അരികത്തു വന്നപ്പോൾ അവർ മുറിപ്പെട്ട കഥ പാടെ മറന്നുപോയി. അലക്സി ഇവാനോവിച്ച് അവരോട് അവരുടെ വേദനയെപ്പററി അന്വേഷണങ്ങൾ നടത്തി; രോഗികൾ അവരുടെ യുദ്ധസ്മരണങ്ങളും മററും പറഞ്ഞു തുടങ്ങി.

നഴ്സ് വാതിലിന്നടുക്കലിരുന്നു മരുന്നുകൾ തയ്യാറാക്കുകയും, ഉപകരണങ്ങൾ തുടച്ചു വെടിപ്പാക്കുന്നതും ഞാൻ കണ്ടു. രോഗികൾക്കായി സംഭരിച്ചുവെച്ച വെണ്ണയും, റൊട്ടിയും എനിക്കു കാണാൻ സാധിച്ചു. അടുത്തുള്ള ഗെറില്ലാത്താവളത്തിൽനിന്നും ദിനംതോറും രാവിലെ മുറിയേററ ഭടന്മാർക്കു പാലും റൊട്ടിയും എടുത്തുവരാറുള്ള ആ ചുകന്ന തലമുടിയുള്ള കൊച്ചുപയ്യനെ എനിക്കു ഓർമ്മ വന്നു.

*   *   *

"ഞാൻ നിങ്ങളെ എൻെറ ജില്ലയിലേക്കു കൊണ്ടുപോകാം" അലക്സി ഇവാനോവിച്ച് ഒരു നാൾ എന്നോടു പറഞ്ഞു.

ആ രണ്ടു നഗരങ്ങളേയും, കൂട്ടിച്ചേർക്കുന്ന പാതയ്ക്കരികിൽ ഞങ്ങൾ എത്തിയപ്പോൾ നേരം പുലർന്നു തുടങ്ങുന്നതേയുള്ളു. ആ പാത ഗെറില്ലകളുടെ കൈവശമായിരുന്നു. ഡോക്ടരുടെ കൂട്ടുകാരനും ഒരു പ്രശസ്ത നടനും പാട്ടുകാരനുമായ വിക്ടർ വഴിക്കെല്ലാം പാട്ടു പാടിക്കൊണ്ടിരുന്നു. ഞങ്ങൾ, ജർമ്മൻസേനകളുടെ പിന്നിലൂടെയാണ് സഞ്ചരിക്കുന്നതു് എന്ന വാസ്തവം എനിക്കു വിശ്വസിക്കുവാൻപോലും പ്രയാസമായിതോന്നി.

ആ ഗ്രാമത്തിൽ ആയുധധാരികളായ അനവധി പേരെ ഞാൻ കണ്ടു. വീടിൻെറ പടിവാതിൽക്കൽ താടിക്കാരായ കർഷകന്മാർ തോക്കും ധരിച്ചുനിൽക്കുന്നു; അവരുടെ കുപ്പായത്തിന്മേൽ വിലങ്ങനെ തിരകൾ കോർത്തു അരപ്പട്ടകളുമുണ്ട്. പെണ്ണുങ്ങളും, യുവാക്കളും ലഘുലേഖകളും, കൈബോമ്പുകളും എടുത്തു വെളിയിലേക്കു പോയിരിക്കുന്നു. കൊച്ചുപിള്ളർ, തെരുവുകളിൽ, മരം കൊണ്ടുണ്ടാക്കിയ കത്തികളും തോക്കുകളുമായ കളിക്കോപ്പുകളെടുത്തു "ഗൊറില്ലാ"കളായി കളിച്ചുകൊണ്ടിരിക്കയാണ്!

ബഞ്ചിന്മേലിരുന്നിരുന്ന വൃദ്ധന്മാർ ഡോക്ടരെ കണ്ടപ്പോൾ എഴുന്നേററു തലയിൽനിന്നു തൊപ്പിയെടുത്തു. അവരിൽ ചിലർ പറഞ്ഞു: "വന്ദനം ഡോക്ടർ!" ഒരിയ്ക്കൽ പട്ടാളത്തിൽ സേവനം ചെയ്തിരുന്നവർ അഭിവന്ദിച്ചു "സഖാവ് ഡോക്ടർ! അങ്ങയ്ക്കു പരിപൂർണ്ണാരോഗ്യം ഉണ്ടാവട്ടെ" അദ്ദേഹത്തെ ഒരാട്ടിടയച്ചെറുക്കനായി നടന്നിരുന്നകാലത്തു പരിചയമുള്ള ചിലർ പറഞ്ഞു. "വന്ദനം അലക്സി!"

ഈ ജില്ലയിൽനിന്നു അലക്സി ഇവാനോവിച്ച് ജർമ്മൻകാരെ ആട്ടിത്തുരത്തി. അന്നാട്ടുകാരുടെ

ധാന്യങ്ങളും, കന്നുകാലികളേയും അദ്ദേഹം രക്ഷിച്ചു. യുവാക്കളേയും യുവതികളേയും നാസിബന്ധനത്തിൽനിന്നു വിമോചിപ്പിച്ചു. ജർമ്മൻകാരുടെ പിന്നണിയിൽ അതു സോവിയററ് നാടായിത്തന്നെ കഴിഞ്ഞു.

ഞങ്ങൾ ആ കാട്ടിൻെറ അററംവരെ പോയി പുഴയുടെ അങ്ങേക്കരയിൽ നിന്നാൽ നഗരം ദൃശ്യമായിരുന്നു. ആ ഗോപുരത്തിൽ, ഞങ്ങൾക്കു അഭിമുഖമായി മെഷീൻ തോക്കു ചൂണ്ടിയിരിക്കുന്ന ഒരു ജർമ്മൻ രക്ഷിഭടനെ ഞാൻ കണ്ടു. അസ്തമയപ്രകാശം മങ്ങിക്കൊണ്ടിരുന്നു. ജർമ്മൻകാർ ഇടതടവില്ലാതെ വെടിമരുന്നുകൾ പ്രയോഗിച്ചു. ആകാശത്തിൽ പച്ച, മഞ്ഞ, നീല എന്നീ നിറങ്ങളിൽ തീപ്പൊരികൾ തിളങ്ങി. പാതിരയ്ക്കു് ഞങ്ങൾ നഗരത്തിലെത്തി. ജർമ്മൻ താവളങ്ങൾക്കരികിലൂടെ പതുങ്ങിയൊളിച്ചാണു് അവിടെ ചെന്നതു. തകൎന്ന ജന്നലുകൾക്കിടയിലൂടെ കാററ് ഒച്ചപ്പാടുണ്ടാക്കിക്കൊണ്ടിരുന്നു. ജർമ്മൻകാർ നഗരത്തിൻെറ മദ്ധ്യത്തിലാണു് താമസിച്ചിരുന്നതു്. ഓരോ നിമിഷവും, ഗോറില്ലകളുടെ ശല്യത്തെ ഭയന്നു പേടിച്ചരണ്ടുകൊണ്ടാണു് അവർ കഴിയുന്നതു്. ഒരു ജർമ്മൻ തടവുകാരൻ പറയുകയുണ്ടായി, ആയാളും ആയാളുടെ ചങ്ങാതികളായ ഭടന്മാരും ആറു മാസത്തോളമായി ഉടുപ്പഴിച്ചിട്ടില്ല എന്നു്. രാത്രിതോറും നാസികൾ വെടിപൊട്ടിച്ചുകൊണ്ടിരുന്നു. കുററിച്ചെടികളുടെ നിഴലിനെയും, മരക്കൊമ്പുകളേയും, മഞ്ഞിനേയും, എല്ലാം അവർ ഉന്നമാക്കി. കാരണം നിഴലുകളെല്ലാം ഗോറില്ലകളായിരിക്കുമോ എന്ന ഭയാശങ്ക അവരിൽ അത്യധികം വേരൂന്നിപ്പിടിച്ചിരുന്നു. മഴത്തുള്ളി വീഴുന്നതു്, ഗോറില്ലകളുടെ കാൽവെപ്പു ശബ്ദമാണോ എന്നു സംശയിച്ചു പലപ്പോഴും ഞെട്ടിയുണർന്നു പീരങ്കി പ്രയോഗം നടത്തിയിട്ടുണ്ടു്! ഒരിയ്ക്കൽ എന്തോ ഒരു ശബ്ദം കേട്ടു അവരെല്ലാം തുരുതുരെ വെടിപൊട്ടിക്കാൻ തുടങ്ങി. ശബ്ദം പിന്നെയും അധികരിച്ചു. പിന്നീടു, അതു, കെട്ടുപൊട്ടിപോന്ന വഴി തിരയാതെ ചുററുന്ന ഒരു പശുവാണെന്നു് അന്വേഷിച്ചപ്പോൾ മനസ്സിലായി. ഈ "ഗോറില്ലാ ഭടനു" വേണ്ടിയും അവർ അവധി വെടിയുണ്ടകൾ ചെലവഴിച്ചു! ഈ കഥ അവസാനിച്ചപ്പോൾ അലക്സി ഇവനോവിച്ചു പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു: "ആ പൂന്തോട്ടത്തിലെ ജെറിപ്പൂക്കൾ, അവ സജീവങ്ങളായിരിക്കുന്നപക്ഷം, ഞങ്ങളുടെ നഗരത്തെ ഒരിയ്ക്കലും വിസ്മരിക്കുകയില്ല."

[ടാസ്സ്.]

# വീരഭടൻ

## പി. ആർ. വാരിയർ

1 "പിറന്നനാട്ടിന്നുയിരപ്പണത്താൽ
പവിത്രനായ് നീ പടയാളിവീരാ!
പരോപകാരത്തിനുയൎന്ന കയ്യായ്
പുരോഗമിച്ചീടുക ധീര! വീണ്ടും"

2 അനർഘമീ വാക്കുകൾ ചേൎത്തപോലെ-
ന്നവണ്ണനീയസ്സു് ട താരകത്താൽ,
പ്രപഞ്ചനേതാവെഴുതിച്ചകീൎത്തി-
പത്രം കണക്കങ്ങിനെ മിന്നി വാനം.

3 നിരാശ്രയം വീണുകിടന്ന ചീന-
ക്കിടാങ്ങളെത്തല്ലിയ ഭീമഹസ്തം!
പിനാഴികക്കുള്ളിലടിച്ചമൎത്തും-
നിസ്തുല്യ കൃത്യം യുവവീരധൎമ്മം

4 ഉത്തുംഗ ശീൎഷത്തിലെഴും തലപ്പാ,-
വുയൎന്ന തോളിങ്കലെ താരയുഗ്മം,
ത്യാഗത്തിലും ശാന്തിതെളിഞ്ഞ കാക്കി-
ക്കുപ്പായ, മാക്കാലിലണിഞ്ഞ ബൂട്സും.

5 അതാ നരം സൌഹൃദമാർന്നവീര-
ഭടൻ രണത്തിന്നു ഗമിപ്പു ദൂരെ.
അടുത്തുകാണാം കൊടിയൊന്നതാവീ-
രാരാധനയ്ക്കുള്ളൊരുക്രപ്പുകയ്യായ് (യുഗ്മകം)

6 ഏകാന്തമാം കാടിനകത്തു, പുല്ലാ-
ലുദാരമാം പച്ച വിരിച്ച ദിക്കിൽ
മഞ്ഞിൻകണം വെള്ളിയലുക്കു തീൎത്തു-
തൂകുന്ന വൃക്ഷങ്ങളണിഞ്ഞ ദിക്കിൽ;

7 കിഴക്കിനെ ഭീമകശാപ്പുശാല-
യാക്കുന്ന ജപ്പാനൊടെതിൎക്കുവാനായ്
ഏറെദിനം കാത്തു നടന്നവീര-
ഭടനുചേരും ക്ഷമ കാമ്യമല്ലീ?

8 അധൎമ്മകൎമ്മങ്ങ, ളനീതി മൂലം-
വാക്യം വിളിച്ചോതിയ ഫാസിസത്തെ
തല്ലിത്തകൎത്തിന്നായി ധീര! പോകൂ,
ലോകത്തിലായ് 'ശാന്തി'യണക്കുവാനായ്.

8 ആഗസ്പികൾക്കമിത ശിക്ഷ വിധിപ്പതിൽത്തൻ
ത്യാഗത്തിനാൽ വിമലമാം വിരിമാറിൽ വീരാ;
സൌഗന്ധിക പ്രമദമാം വിരലാൽ തലോടാൻ
തൻഗേഹ സീമ്നി തവ കാമിനി കാത്തുനില്പൂ!

# ഇന്ത്യൻ യോദ്ധാക്കൾക്കു് കീർത്തിമുദ്ര


## ബൎമ്മയിലും ഇററലിയിലും പ്രദൎശിപ്പിച്ച പരാക്രമത്തിന്നു്

ബൎമ്മ യുദ്ധരംഗത്തിലും ഇററലിയൻ യുദ്ധരംഗത്തിലും പ്രദൎശിപ്പിച്ച വീൎയ്യപരാക്രമങ്ങൾക്കു് രണ്ടു തെൻ ഇന്ത്യൻ യോദ്ധാക്കൾകൂടി കീൎത്തിമുദ്രക്കു് അൎഹരായിതീൎന്നിരിക്കുന്നെന്നു പ്രസ്താവിക്കുന്നതിൽ ഞങ്ങൾക്കു് വളരെ അഭിമാനമുണ്ടു്.

നായക്ക് (ആക്ടിങ്ങ് ഹവിൽദാർ) ആരാട്ടു് ശങ്കരനാരായണൻ നായക്കു് അദ്ദേഹം ബൎമ്മരംഗത്തിൽ ചെയ്ത ധീരപ്രവൎത്തനങ്ങൾക്കായി എം.എം. (മിലിററി മെഡൽ) സമ്മാനിച്ചിരിക്കുന്നു. തെക്കെ മലബാറിൽ പാലക്കാട്ടു താലൂക്കിൽ മേലാർക്കോട്ടു് എന്ന സ്ഥലമാണു് ഇദ്ദേഹത്തിൻെറ സ്വദേശം.

ബാംഗ്ലൂരിലെ ഫ്രാസർ ടൌൺ സ്വദേശിയായ നായക്ക് (ആക്ടിങ്ങ് ഹവിൽദാർ) ആരോഗ്യസ്വാമിയാണു് ഐ. ഡി. എസ്. എം. (ഇന്ത്യൻ ഡിസ്റ്റിംഗ്വിഷ്ഡ് സാർവീസ് മെഡൽ) എന്ന കീൎത്തിമുദ്രക്കു് അൎഹനായതു്.

ഞങ്ങൾ അവൎക്കു് ആത്മാൎത്ഥമായ ആശംസകൾ നൽകുന്നു.



പ്രിഫാബ്രികേററഡ് ഹാർബറുകൾ



മി. ചർച്ചിലിൻെറ ഫ്രാൻസ് സന്ദർശനം—ജനറൽ ഡിഗാളേയും, മി. ഏഡൻ, ചർച്ചിൽ എന്നിവരേയും ചിത്രത്തിൽ കാണാം.



അമേരിക്കൻ ടാങ്കുകൾ ജർമ്മനിയെ നോക്കി പീരങ്കികൾ പ്രയോഗിക്കുന്നു

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.